# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വെട്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**

**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.8/1444/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/09/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു

റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1444/2025 തീയ്യതി: 17/09/2025

# തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പ്രതാപ്കുമാർ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2025 | 30-07-2025 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2025 | 30-07-2025 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ലേഖ.എം.എൽ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി.ആർ.വി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സാരംഗ്.ആർ.സി.,ഓഡിറ്റർ
ശ്രീ.റിൻഷാദ്.പി.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.സന്തോഷ്.പി. | സെക്രട്ടറി | 01-04-2024 | 28-04-2024 |
| ശ്രീ.വിനോദ്.ബി. | സെക്രട്ടറി | 29-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സന്തോഷ്.പി. | സെക്രട്ടറി | 01-04-2024 | 28-04-2024 |
| ശ്രീ.വിനോദ്.ബി. | സെക്രട്ടറി | 29-04-2024 | 31-03-2025 |
| ശ്രീ.സുനിൽകുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ.വിഷ്ണു.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി രശ്മി.റ്റി.എസ്. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ.ഉദയലാൽ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ.അനിത.വി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി അനിത.എ. | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-05-2024 |
| ശ്രീമതി ഫസീല.കെ.എം | ഹെഡ്മിസ്ട്രസ് | 01-06-2024 | 31-03-2025 |
| ശ്രീമതി ഷൈല ബീവി.എ. | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.കൃഷ്ണകുമാർ.റ്റി.ജെ. | ഡയറി ഫാം ഇൻട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.രതീഷ് കുമാർ.റ്റി. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.രാഹുൽരാജ്.സി.എം. | വി.ഇ.ഒ.സർക്കിൾ-1 | 01-04-2024 | 12-09-2024 |
| ശ്രീമതി ദിവ്യ.ഐ. | വി.ഇ.ഒ.സർക്കിൾ-1 | 13-09-2024 | 19-09-2024 |
| ശ്രീ.നൌഫൽ.എ.എച്ച്. | വി.ഇ.ഒ.സർക്കിൾ-1 | 20-09-2024 | 31-03-2025 |
| ശ്രീമതി ദിവ്യ.ഐ. | വി.ഇ.ഒ.സർക്കിൾ-2 | 01-04-2024 | 31-03-2025 |
| ശ്രീമതി അൻസീറ.ബി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 07-08-2024 |
| ശ്രീമതി സുലൈജു.എസ്.ബീഗം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 08-08-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വരുമാനവും ചെലവും ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല | 1-1-3 |
| 5 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-4 |
| 6 | വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | സ്ഥിര ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയില്ല | 1-1-7 |
| 9 | അഡ്വാൻസ് കളക്ഷൻ തുകകൾ വരുമാന ഹെഡിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല. | 1-1-8 |
| 10 | Capital Contribution തുക അതത് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | വിവിധ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-10 |
| 12 | ഗ്രാന്റ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-12 |
| 14 | വരവിനങ്ങൾ തെറ്റായ ഹെഡിൽ രസീത് ചെയ്യുന്നു. | 1-1-13 |
| 15 | വസ്തു നികുതി - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല | 1-1-16 |
| 18 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ ശേഷം തിരികെ ലഭിക്കുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റ് തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു | 1-1-17 |

| | | |
|---|---|---|
| 19 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-18 |
| 20 | ബാധ്യത തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-19 |
| 21 | സുലേഖ പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക നില | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 25 | റീഅലോട്ട്മെന്റ് വഴി ലഭിച്ച സി.എഫ്.സി ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ ലാപ്സായി | 1-4-2 |
| 26 | ഗ്രാന്റ് വിനിയോഗം | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | ക്ഷേമപദ്ധതികൾ | 1-6 |
| 29 | ക്യാഷ് പരിശോധന | 1-7 |
| 30 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 31 | എം.ജി.എൻ.ആർ.ഇ.ജി.എസ് - പ്രവർത്തന അവലോകനം | 1-9-1 |
| 32 | പൂർത്തിയാക്കാത്ത പ്രവൃത്തികൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-9-2 |
| 33 | ഫാം പോണ്ട് നിർമ്മാണം - അപാകങ്ങൾ | 1-9-3 |
| 34 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 35 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 36 | ഇ-ടെണ്ടർ ഫാറവില സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല. | 1-11 |
| 37 | അനധികൃത കെട്ടിട നിർമാണം തുടർ നടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ് | 1-12-1 |
| 38 | വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 39 | കെട്ടിട നികുതി കുറവായി ഈടാക്കി | 1-13-1 |
| 40 | വസ്തു നികുതി കുടിശ്ശിക റെവന്യു റിക്കവറി നോട്ടീസിന്മേലുള്ള തുടർ നടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ് | 1-13-2 |
| 41 | പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല. | 1-13-3 |
| 42 | കെട്ടിട നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകം | 1-13-4 |

| | | |
|---|---|---|
| 43 | കെട്ടിട നികുതി അപാകതകൾ | 1-13 |
| 44 | തൊഴിൽ നികുതി പിഴ ഈടാക്കിയില്ല | 1-14-1 |
| 45 | തൊഴിൽ നികുതി പിഴ പഴയ നിരക്കിൽ ഈടാക്കുന്നു | 1-14-2 |
| 46 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുണു | 1-14-3 |
| 47 | തൊഴിൽ നികുതി പത്രികകൾ അപൂർണം | 1-14-4 |
| 48 | തൊഴിൽ നികുതി അപാകങ്ങൾ | 1-14 |
| 49 | വിവിധ ലേലങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 50 | ഹെൽത്ത് ഗ്രാന്റ് | 1-16 |
| 51 | ജലജീവൻ മിഷൻ -അവലോകനം | 1-17 |
| 52 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 53 | കാലാവധി കഴിഞ്ഞ ഹോമിയോ മരുന്നുകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. | 1-19 |
| 54 | എൻ എച്ച് എം സിദ്ധ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല. 43,153/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 55 | എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിലേക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 56 | ഉപകരണങ്ങൾ പൂർണമായും ലഭ്യമാക്കിയില്ല, 4748/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 57 | സഹായി - ഹോം നഴ്സിംഗ് പൂൾ - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. | 1-23 |
| 58 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 24,15,230/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 59 | ആശ്വാസ് പദ്ധതി-ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയില്ല- 2,76,101/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-25 |
| 60 | ദുരിതാശ്വാസനിധി - നിഷ്ക്രിയമായി തുടരുന്നു. | 1-26 |
| 61 | കരാർ വ്യവസ്ഥയിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്നും ഈടാക്കിയ സെക്യൂരിറ്റി തുക സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറേണ്ടതാണ് | 1-27 |
| 62 | മരാമത്ത് പ്രവൃത്തികളിൽ ഇൻഷുറൻസ് പോളിസി എടുത്തില്ല- പിഴ തുകയായ 1150/- രൂപ ഈടാക്കിയില്ല. | 1-28 |
| 63 | ഭരണസമിതി തീരുമാനങ്ങൾ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-29 |

| | | |
|---|---|---|
| 64 | അസിസ്റ്റന്റ് എഞ്ചിനീയർ ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയില്ല | 1-30 |
| 65 | പുനരുപയോഗ സാധ്യമല്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പദ്ധതി- ജി.എസ്.ടി ഇനത്തിൽ ഒടുക്കിയ 4548/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-31 |
| 66 | പഴയ കേടായ വല മാറ്റി പുതിയ വല നൽകൽ പദ്ധതി-1,20,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-32 |
| 67 | വാഹനങ്ങൾക്ക് ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണ്. | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് - വിശദാംശം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകളുടെ വിശദാംശം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് വിവരങ്ങൾ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇവ ഉൾപ്പെടുത്തുന്നതിന് ഐ.കെ.എം സൗകര്യം ലഭ്യമാക്കുന്ന മുറയ്ക്ക് ആയവ പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (12/25.07.2025) മറുപടി ലഭ്യമാക്കി.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വെട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2025 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 09.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ

വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4)(എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്. സ്റ്റോക്ക് പരിശോധന നടത്തി ILGMS ൽ സ്റ്റോക്ക് നിർണ്ണയം നടത്തുന്ന ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം ഉൾപ്പെടുത്താത്തതിനാലാണ് സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്താത്തതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/25.07.2025) മറുപടി നൽകി. വാർഷിക ധനകാര്യ പത്രികയിൽ സ്റ്റോക്ക് രേഖപ്പെടുത്തുന്നതിന് ഓപ്ഷൻ ഉള്ളതിനാൽ മേൽ മറുപടി പരിഗണനാർഹമല്ല. സ്റ്റോക്ക് വിവരം രേഖപ്പെടുത്തി വാർഷിക ധനകാര്യപത്രിക തയ്യാറാക്കേണ്ടതാണ്.

## 1-1-3 വരുമാനവും ചെലവും ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ വരുമാനവും ചെലവുകളും ക്രമീകരിച്ച (പഞ്ചായത്ത് ഫണ്ട് നിർണയം) ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഐ.എൽ.ജി.എം.എസ് പ്രസ്തുത ഷെഡ്യൂൾ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഇല്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/25.07.2025) മറുപടി നൽകി.

## 1-1-4 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2025 |
| 110100102 | Property Tax On Non Residential Building | |

| | | |
|---|---|---|
| 110200101 | Profession Tax Institution | |
| 110200105 | Profession Tax Traders | |

വരും വർഷളിൽ യഥാസമയം ഡിമാന്റ് എൻട്രി നടത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 12/25.07.2025) മറുപടി ലഭ്യമാക്കി.

## 1-1-5 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. ( ഉദാ:- ഇന്ധന ചെലവ്, ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം). വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 12/25.07.2025) മറുപടി ലഭ്യമാക്കി.

## 1-1-6 ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി - 2 ഷെഡ്യൂൾ ഹെഡ് കോഡ് 311100101 – Panchayath Distress Relief Fund ന്റെ നീക്കിയിരിപ്പ് 10594/- രൂപയും ഇതിനായുള്ള Vettoor SCB 5256 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 5594/- രൂപയുമാണ്. കോവിഡുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പിലേക്കായി വാങ്ങിയിട്ടുള്ള സംഭാവനകൾ 311100101 – Panchayath Distress Relief Fund ഹെഡിൽ വാങ്ങിയ തുകയിൽ ബാക്കി 5000/- രൂപ നിലനിൽക്കുന്നതാണ് വ്യത്യാസത്തിന്റെ കാരണമായി അറിയിച്ചത് ( ഓഡിറ്റ് അന്വേഷണത്തിന് നം. 12/25.07.2025). ടി തുക Panchayath Distress Relief Fund ഹെഡിൽ നിന്നും ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-7 സ്ഥിര ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയില്ല

ബാലൻസ് ഷീറ്റ് B-11(A) ഷെഡ്യൂളിൽ വിവിധ ഹെഡുകളിലായി ആസ്തികൾക്ക് Accumulated Depreciation രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഹെഡുകളിലെ Depreciation ഏത് ഹെഡിലുൾപ്പെട്ട ആസ്തിയുടേതാണെന്ന് വ്യക്തമല്ല. കൂടാതെ താഴെപ്പറയുന്ന ഇനങ്ങൾക്ക് 2024-25 വർഷം ഇൻകം & എക്സ്പെൻഡിച്ചറിൽ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. 2023-24 വർഷം വരെയുള്ള ACCUMULATED DEPRECIATION ആണ് 2024-25 വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളത്.

| ഹെഡ് കോഡ് | ഇനം |
|---|---|
| 416100102 | Accumulated Depreciation - Roads And Bridges |
| 416100103 | Accumulated Depreciation – Sewerage And Drainage |
| 416100104 | Accumulated Depreciation - Waterways |
| 416100105 | Accumulated Depreciation - Public Lighting |
| 416100106 | Accumulated Depreciation - Plant Ant Machinery |
| 416100110 | Accumulated Depreciation - Other Fixed Assets |

പ്രസ്തുത ഹെഡുകളിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തുമ്പോൾ Error റിപ്പോർട്ട് ലഭിക്കുന്നതിനാൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/25.07.2025) മറുപടി ലഭ്യമാക്കി. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-8 അഡ്വാൻസ് കളക്ഷൻ തുകകൾ വരുമാന ഹെഡിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ചുവടെ ചേർക്കുന്ന മുൻകൂർ വരവ് തുകകൾ, 2024-25 വർഷം വരുമാന ഹെഡിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350410206 | **Advance Collection Of Revenues -Public Comfort Station Receipts** | 690.00 |

അടുത്ത വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അപാകം പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/25.07.2025) മറുപടി ലഭ്യമാക്കി. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-9 Capital Contribution തുക അതത് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല

Development Fund, Finance Commission Grant, Maintenanace Grant തുടങ്ങിയ ഓരോ ഫണ്ടുകളുടെയും Capital Contribution രേഖപ്പെടുത്തുന്നതിന് ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിൽ ഹെഡുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ചിട്ടുള്ള അതത് ഹെഡുകളിൽ Capital Contribution തുക രേഖപ്പെടുത്താതെ ഹെഡ് കോഡ് 312109901 - Capital Contribution എന്ന പൊതുവായ ഹെഡിലാണ് തുക ഉൾപ്പെടുത്തിയിട്ടുള്ളത്. അടുത്ത വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അപാകം പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/25.07.2025) മറുപടി ലഭ്യമാക്കി. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-10 വിവിധ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/25.07.2025) രജിസ്റ്ററുകൾ കാലികമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രജിസ്റ്ററുകൾ കാലികമാക്കി സമർപ്പിക്കേണ്ടതാണ്.

## 1-1-11 ഗ്രാന്റ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | 2024-25ബാലൻസ് ഷീറ്റ് (B-4 ഷെഡ്യൂൾ) പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം (B-17 ഷെഡ്യൂൾ) |
|---|---|---|
| CFC | 18174240 ( Basic – 3870678, Tied - 14303562) | 18131404 |

വ്യത്യാസം സംബന്ധിച്ച പരിശോധന നടത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി (ഓഡിറ്റ് അന്വേഷണം നം. 12/25.07.2025) ലഭ്യമാക്കി. അപാകം ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-12 ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ചുവടെ ചേർക്കുന്ന അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കുകയോ, റീകൺസിലിയേഷൻ ILGMS – ൽ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

| അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് ( ബാങ്ക് ബുക്ക് പ്രകാരം) |
|---|---|
| District Co-Operative Bank 20091201200009 | 500 |

അക്കൗണ്ട് നിലവിൽ നിഷ്ക്രിയമാണെന്ന മറുപടിയാണ് ( ഓഡിറ്റ് അന്വേഷണം നം.12/25.07.2025) ലഭ്യമാക്കിയത്. നിഷ്ക്രിയ അക്കൗണ്ട് ക്ലോസ് ചെയ്ത് വാർഷികധനകാര്യപത്രികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-13 വരവിനങ്ങൾ തെറ്റായ ഹെഡിൽ രസീത് ചെയ്യുന്നു.

വരവിനങ്ങൾ അതത് ഹെഡുകളിൽ രസീത് ചെയ്യുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| രസീത് നം/ തീയതി | ഇനം | തുക ബുക്ക് ചെയ്ത ഹെഡ് | തുക ബുക്ക് ചെയ്യേണ്ട ഹെഡ് |
|---|---|---|---|
| 1240601920/02.12.2024 | DEVELOPMENT PERMIT | **140400199 Other Fees** | 140120106 Permit Fee For Land Development |
| 1240601372/18.11.2024 | LICENSE FEES | **140400199 Other Fees** | **140110101 Licence Fees For Factories, Traders, Enterpreneuors And Other Services** |

വരവിനങ്ങൾ അതത് ഹെഡുകളിൽ രസീത് ചെയ്യുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി ( ഓഡിറ്റ് അന്വേഷണം നം.12/25.07.2025)

## 1-1-14 വസ്തു നികുതി - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

Property Tax On Residential Building, Non Residential എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് (ലൈബ്രറി സെസ് ഉൾപ്പെടെ) | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building-Current | 1666335 | 1666529 | 1647168 | 1650808 | 13418 | 0 |

| | | | | | | |
|---|---|---|---|---|---|---|
| Property Tax On Non Residential Building-Current | 1312808 | 1313439 | 1292491 | 1292448 | 21253 | 0 |

സഞ്ചയയിലെ സാങ്കേതിക തകരാറാണ് അപാകത്തിന് കാരണമായി വിശദീകരിച്ചത്. ( ഓഡിറ്റ് അന്വേഷണം നം.12/25.07.2025) . അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-15 എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

എം.ജി.എൻ. ആർ. ഇ.ജി.എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണചെലവ് വാർഷിക ധനകാര്യപത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

| ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണ ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഭരണ ചെലവ് ( ഹെഡ് കോഡ് 256100116) |
|---|---|
| 1301718 | 1302218 |

ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണചെലവ് വാർഷിക ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുത്തിയതായി മറുപടി (ഓഡിറ്റ് അന്വേഷണം 21/26.07.2025) ലഭ്യമാക്കിയെങ്കിലും മറുപടിയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-16 നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല

ഹെഡ് കോഡ് 460500202 പരിശോധിച്ചതിൽ പ്രോജക്ട് നമ്പർ 152/25, ഗവ എൽ പി എസ് വൈദ്യുതീകരണം, സുനാമി കെട്ടിടം എന്ന പ്രോജക്ടിനായി കെ.എസ്.ഇ.ബി യ്ക്ക് നൽകിയ 144657 രൂപ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത വാർഷിക ധനകാര്യ പത്രികയിൽ അപാകം പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ( 21/26.07.2025) ലഭ്യമാക്കി. അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-17 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ ശേഷം തിരികെ ലഭിക്കുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റ് തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു

ഹെഡ് കോഡ് 4605002024 Advance To Implementing Agencies - Deposit With Ground Water Department പരിശോധിച്ചതിൽ 520632/- രൂപ വിനിയോഗിച്ചതായും 37,821/- രൂപ തിരികെ ഒടുക്കിയതായും രേഖപ്പെടുത്തി ലെഡ്ജറിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ സി.എഫ്.സി ടൈഡ് ഫണ്ടിൽ നിന്നും അനുവദിച്ചതാണെന്നും ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായും മറുപടി (ഓഡിറ്റ് അന്വേഷണം നം. 21/ 26.07.2025) ലഭ്യമാക്കി. ഇത്തരത്തിൽ തിരികെ ലഭിക്കുന്ന ഗ്രാന്റ് തുകകൾ ബാധ്യതയായി രേഖപ്പെടുത്താതെ തനത് ഫണ്ടിൽ നിലനിർത്തുന്നത് ക്രമപ്രകാരമല്ല. അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-18 വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

BRN 24010752002001450746 തീയതി 07.03.2025 പ്രകാരം രണ്ട് വിധവകളുടെ പെൺമക്കൾക്കായി 60000/- രൂപ വിവാഹധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഭാവിയിൽ അപാകം ഒഴിവാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (44/29.07.2025) മറുപടി ലഭ്യമാക്കി.

## 1-1-19 ബാധ്യത തുകകൾ ക്രമീകരിച്ചിട്ടില്ല

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ ചുവടെ ചേർക്കുന്ന തുകകകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | തുക | ലഭ്യമാക്കിയ മറുപടി (ഓഡിറ്റ് അന്വേഷണം 12/25.07.2025) |
|---|---|---|---|---|
| 1 | 350200119 | Recoveries Payable - Covid | 90400 | ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും Defer ചെയ്ത തുക. തുക ചെലവഴിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടില്ല. |
| 2 | 350200199 | Recoveries Payable – Other Recoveries From Employees | 4840 | |
| 3 | 350200299 | Recoveries Payable – Other Deductions | 5000 | |
| 4 | 350300103 | Government And Other Dues Payable – Value Added Tax | 7853 | മുൻകാല VAT ഒടുക്കുന്നതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഒടുക്കുന്നതാണ്. |
| 5 | 350300106 | Government And Other Dues Payable – Revenue Recovery | 4300 | |
| 6 | 350300112 | Government And Other Dues Payable – Value Of Court Fee Stamp | 1970* | |

| | | | | |
|---|---|---|---|---|
| 7 | 350300199 | Government And Other Dues Payable – Others | 828237 | |
| 8 | 350400501 | Refunds Payable – Grants And Funds | 40000 | ലൈഫ് ഗുണഭോക്താവിന് അധികമായി അനുവദിച്ച തുക. നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. |

* തൻവർഷം ലഭിച്ച 550/- രൂപ ഉൾപ്പെടെ

ക്രമ നം. 2, 3, 5, 7 ലെ ബാധ്യതാ തുകകൾ ഏതിനത്തിലേതാണെന്നും അവ ചെലവഴിക്കാത്തതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്. ക്രമ നം. 8 തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-1-20 സുലേഖ പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഗ്രാന്റിനത്തിലെ സുലേഖ പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രിക, എസിആർ എന്നിവ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | സുലേഖ പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യപത്രിക, എ.സി.ആർ എന്നിവ പ്രകാരമുള്ള ചെലവ് |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4023314 | 4179264 |

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 156/25 വെട്ടൂർ എഫ്.എച്ച്.സിയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ എന്ന പ്രോജക്ടിൽ 155950/- രൂപ വകയിരുത്തുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പ്രോജക്ട് സുലേഖ സോഫ്റ്റ്‌വെയറിൽ Cleared By DPC എന്ന സ്റ്റാറ്റസിൽ കാണുന്നതിനാലാണ് ടി ചെലവ് സുലേഖയിൽ ഉൾപ്പെടാത്തതെന്നും, ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് വിഷയം പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (15/25.07.2025) മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| അംഗീകരിച്ച തീയതി | 13.02.2024 | 12.03.2025 |
| ഭരണ സമിതി തീരുമാനം | 1(1) | 2(1) |

| | | |
|---|---|---|
| മുന്നിരിപ്പ് | 1492098 | 1492098 |
| പ്രതീക്ഷിത വരവ് | 366945116 | 371067247 |
| ആകെ | 368437214 | 372559345 |
| പ്രതീക്ഷിത ചെലവ് | 365605516 | 369744202 |
| നീക്കിയിരിപ്പ് | 2831698 | 2815143 |

## 1-3 സാമ്പത്തിക നില

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 20737121 |
| ഓഡിറ്റ് വർഷത്തെ വരവ് | 49166043 |
| ആകെ | 69903164 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 40923997 |
| നീക്കിയിരിപ്പ് | 28979167 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 7574600 | 4926882 | 65.04 |
| | പട്ടികജാതി | 534600 | 49200 | 9.2 |
| സേവനം | പൊതുവിഭാഗം | 91248270 | 29837366 | 32.7 |
| | പട്ടികജാതി | 20209675 | 7865024 | 38.92 |
| പശ്ചാത്തലം | പൊതുവിഭാഗം | 12202049 | 6907171 | 56.61 |

വിവിധ മേഖലകളിൽ വകയിരുത്തിയ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ എണ്ണം കുറവായതും ഗുണഭോക്തൃ വിഹിതം ഒടുക്കാതിരുന്നതിനാലും തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചു.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി

എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 2580698 | 293791 | 11.38 |
| കുട്ടികൾ | 893392 | 473372 | 52.99 |
| വൃദ്ധർ | 1981110 | 1754621 | 88.57 |
| ഭിന്നശേഷിയുള്ളവർ | 525000 | 232679 | 44.32 |
| പാലിയേറ്റീവ് കെയർ രോഗികൾ | 2250101 | 2176263 | 96.72 |
| അതിദരിദ്രർ | 156000 | 145200 | 93.08 |

ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാൽ വിവിധ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുകകൾ പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചു. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി പദ്ധതികൾക്ക് അടങ്കൽ തുക വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3) സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ചുവടെ ചേർക്കുന്ന തുക 2024-25 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | തദ്ദേശ സ്ഥാപനം | തുക |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 1098470 |
| 2 | ജില്ലാ പഞ്ചായത്ത് | 46138 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 1098470/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായ 46138/- രൂപയും ഉൾപ്പെടെ 1144608/- രൂപയിൽ 200840/- രൂപ സഞ്ചിതനിധിയിലേയ്ക്ക് ഒടുക്കിയതായി അറിയിച്ചുവെങ്കിലും ടി തുക വാർഷിക ധനകാര്യ പത്രികയിൽ നിന്നും ക്രമീകരിച്ചിട്ടില്ല. പ്രസ്തുത തുക ബാധ്യതാ ഹെഡിൽ നിന്നും ക്രമീകരിക്കേണ്ടതും അവശേഷിക്കുന്ന തുക ചെലവഴിക്കുകയോ തിരികെ സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കുകയോ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2024-25 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2024-25 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100156 | Rajiv Gandhi Panchayat Sashaktikaran Abhiyan | 540000 |

| | | |
|---|---|---|
| 320100168 | Social Security For Unorganized Workers Schemes | 58362* |
| 320100181 | Total Sanitation Campaign | 38424 * |
| 320100190 | Vimukthi Grant | 12500 |
| 320100198 | Grant From Suchitwa Mission | 325854** |
| 320200207 | Fund For Transferred Institutions - Ayurveda- Capital | 78277 |
| 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 1076000 |

* പലിശ ഉൾപ്പെടെ

** മുൻവർഷം ചെലവഴിക്കാതെ അവശേഷിച്ച തുക. തൻവർഷം ലഭിച്ച തുക ചെലവഴിച്ചു.

മേൽ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത്തതിന്റെ കാരണവും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/25.07.2025) പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

5) Beneficiary Contribution ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 717764/- രൂപ ഏതൊക്കെ പ്രോജക്ടുകൾക്കായി ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത്തതിന്റെ കാരണവും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/25.07.2025) പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-4-2 റീഅലോട്ട്മെന്റ് വഴി ലഭിച്ച സി.എഫ്.സി ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ ലാപ്സായി

പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2020-21 സാമ്പത്തിക വർഷം അനുവദിച്ചതിൽ ചെലവഴിക്കാതെ അവശേഷിച്ച ടൈഡ്, ബേസിക് ഗ്രാന്റിനത്തിലെ തുകകൾ 2021-22, 2022-23 വർഷങ്ങളിൽ റീഅലൊക്കേറ്റ് ചെയ്യതിലും ചെലവഴിക്കാതെ അവശേഷിച്ചതിനെ തുടർന്ന് 2024-25 സാമ്പത്തിക വർഷം പ്രസ്തുത തുകകൾ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി പൂർണ്ണമായും ചെലവഴിക്കേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി വിവിധ ഉത്തരവുകൾ പ്രകാരം അലോട്ട് ചെയ്യിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉത്തരവ് നം | ഫണ്ട് | അലോട്ട് ചെയ്ത തുക |
|---|---|---|
| 4802/2024/ധന തീയതി 18/06/2024 | സി.എഫ്.സി ടൈഡ് | 1095131 |
| 4802/2024/ധന തീയതി 18/06/2024 | സി.എഫ്.സി ബേസിക് | 55191 |
| 2075/2025/ധന തീയതി 04.03.2025 | സി.എഫ്.സി ടൈഡ് | 1095130 |
| 2075/2025/ധന തീയതി 04.03.2025 | സി.എഫ്.സി ബേസിക് | 55190 |

മേൽ തുകകൾ സ്പിൽ ഓവർ വർക്കുകൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

| പ്രോജക്ട് | നിർവഹണ ഉദ്യോഗസ്ഥൻ | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|
| 197/25, പഞ്ചായത്ത് കമ്മിറ്റി ഹാൾ അടിസ്ഥാന സൗകര്യം | സെക്രട്ടറി | 110381 | 0 |
| 163/25, കോയാലിൻമൂല കിണർ നിർമ്മാണവും കുടിവെള്ള വിതരണവും | അസിസ്റ്റന്റ് എഞ്ചിനീയർ | 1313000 | |
| 212/25, ആയുർവേദ ആശുപത്രിയിൽ ടാങ്ക് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 160000 | |

ചുവടെ ചേർക്കുന്ന സ്പിൽ ഓവർ പ്രോജക്ടിന് അലോട്ട് ചെയ്ത തുക പൂർണ്ണമായും ചെലവഴിച്ചില്ല.

| പ്രോജക്ട് | നിർവഹണ ഉദ്യോഗസ്ഥൻ | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 231/25, മൗണ്ട് കുടിവെള്ള പദ്ധതി കുഴൽകിണർ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 500261 | 321365 | 178896 |

റീ അലോട്ട്മെന്റ് വഴി ഗ്രാന്റ് തുകകൾ ലഭിച്ചിട്ടും, സ്പിൽ ഓവർ പദ്ധതികൾക്കായി ടി തുക ചെലവിടാതെ ലാപ്സാക്കിയത്, പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.
പദ്ധതികൾ സ്പിൽ ഓവർ ആക്കി പൂർത്തിയാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി ( 47/29.07.2025). ട്രഷറി മുഖേന ലഭ്യമായ പ്രസ്തുത ഫണ്ട് ലാപ്സായ സാഹചര്യത്തിൽ പ്രസ്തുത തുക റീഅലോക്കേറ്റ് ചെയ്ത് ലഭിച്ചാൽ മാത്രമേ ആയത് വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. ലഭ്യമാകുന്ന ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

2024- 25 സാമ്പത്തിക വർഷം വിവിധ ഗ്രാന്റുകളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21171144 | 22164226 | -993082 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5766618 | 6564000 | -797382 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 10884761 | 2968630 | 7916131 |

| | | | | |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5796875 | 3527728 | 2269147 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4631000 | 4023314 | 607686 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 5316000 | 4766834 | 549166 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 737159 | -737159 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 930000 | -930000 |

*വികസന ഫണ്ട് ജനറൽ, എസ്.സി.പി വിഹിതങ്ങളിലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

### പദ്ധതി നിർവ്വഹണം

**1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**(എ)**

| ക്രമ നം | നിർവ്വഹണം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 7 | 1 | 1102500 | 878500 | 79.68 |
| 2 | വെറ്ററിനറി സർജൻ | 10 | 10 | 0 | 1556200 | 1549570 | 99.57 |
| 3 | എം.ഒ. പി.എച്ച്.സി. | 26 | 23 | 3 | 7217445 | 5882547 | 81.50 |
| 4 | എം.ഒ. ആയുർവേദം | 3 | 3 | 0 | 1100000 | 1100000 | 100 |
| 5 | ഫിഷറീസ് ഓഫീസർ | 4 | 4 | 0 | 1262500 | 1218360 | 96.5 |
| 6 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16 | 14 | 2 | 3952573 | 3005526 | 76.04 |
| 7 | സെക്രട്ടറി | 47 | 39 | 8 | 12070503 | 11471173 | 95.03 |
| 8 | എച്ച്.എം.ഗവ.എൽ.പി.എസ്. | 7 | 7 | 0 | 1618392 | 1098208 | 67.86 |
| 9 | വി.ഇ.ഒ./എൽ.വി.ഇ.ഒ. | 14 | 10 | 4 | 53959975 | 9128000 | 16.91 |
| 10 | വി.ഇ.ഒ. II | 10 | 6 | 4 | 17890720 | 5805760 | 32.45 |
| 11 | എ.ഇ., എൽ.എസ്.ജി.ഡി. | 46 | 31 | 15 | 22699936 | 5948780 | 26.21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 0 | 1820000 | 1201642 | 66.02 |
| 13 | അസി.സെക്രട്ടറി | 12 | 12 | 0 | 2021212 | 1297577 | 64.20 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 24676216 | 22164226 | 89.82 |
| എസ്.സി.പി. | 8385191 | 6564000 | 78.28 |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 19177174 | 6496358 | 33.88 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 6303900 | 737159 | 11.69 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 18740000 | 930000 | 4.96 |
| തനത് ഫണ്ട് | 207932 | 142447 | 68.51 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 18168307 | 3209248 | 17.66 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 19981959 | 290498 | 1.45 |
| മെയിന്റനൻസ് റോഡ് | 6206000 | 4766834 | 76.81 |
| മെയിന്റനൻസ് റോഡിതരം | 5131330 | 4023314 | 78.41 |
| മറ്റുള്ളവ | 31493034 | 6022869 | 19.12 |

**പദ്ധതി അവലോകനം**

1) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, 3.1.1ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

2) ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്തി അപ്രകാരമുള്ള പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടില്ല.

4) മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

5) മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പാഥേയം (പട്ടികജാതി & പൊതുവിഭാഗം) കരിഷം-ജൈവവള നിർമ്മാണയൂണിറ്റ്- വനിത എന്നീ പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

6) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്റ്റുകൾ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

7) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കി പ്രോജക്ടുകൾ 2024-25 ൽ നടപ്പിലാക്കിയിട്ടില്ല.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. (അവലംബം: ഓഡിറ്റ് എൻക്വയറി നമ്പർ 20/26.07.2025)

## 1-6 ക്ഷേമപദ്ധതികൾ

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 414400 | 24 |
| വിധവാ പെൻഷൻ | 15168400 | 1021 |
| വാർദ്ധക്യകാലപെൻഷൻ | 26666000 | 1867 |
| വികലാംഗപെൻഷൻ | 4806500 | 316 |
| വിവാഹധനസഹായം | 60000 | 2 |
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 245600 | 18 |

## 1-7 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2025 തീയതിയിൽ 10.40 AM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 482/- (നാനൂറ്റി എൺപത്തി രണ്ട്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

വെട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1) ഓഫീസ് ഉത്തരവു മുഖേന ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2) സെക്രട്ടറി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും, ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

3) ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

4) സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

5) ഭൂരിഭാഗം ജീവനക്കാരുടെ ശമ്പള നിർണ്ണയ അംഗീകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇനി അംഗീകാരം ലഭ്യമാക്കാനുള്ള ജീവനക്കാരുടെ ശമ്പള നിർണ്ണയ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6) പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയതിന്റെ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്

7) കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നുണ്ട്.

8) എസ്.എൽ.ഐ., ജി.ഐ.എസ്. എന്നിവ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ സബ്സ്ക്രിപ്ഷൻ എടുത്തിട്ടുണ്ട്. എല്ലാ റിക്കവറികളും എല്ലാ മാസവും 5-ാം തീയതിക്കകം ഒടുക്കു വരുത്തുന്നുണ്ട്.

9) തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്ഥിരമായി മോണിട്ടറിംഗ് നടത്തുന്നുണ്ട്

10) ഗ്രാമസഭാ നിയമം അനുശാസിക്കുന്ന പ്രകാരം നിശ്ചിത ഇടവേളകളിൽ വിളിച്ചു ചേർക്കുന്നുണ്ട്. ഗ്രാമസഭാ യോഗങ്ങൾക്ക് നിശ്ചിത ക്വാറം ഉണ്ട്.

11) ഇലക്ട്രിക് സ്റ്റോക്ക് രജിസ്റ്റർ, ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ട്.

12) സാങ്കേതിക വിഭാഗത്തിന് പരിശോധനയ്ക്ക് നൽകുന്ന ഫയലുകൾ 7 ദിവസത്തിനകം പരിശോധിച്ച് ലഭ്യമാക്കുന്നുണ്ട്

13) പെൻഷൻ അപേക്ഷകൾ ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ

തീർപ്പ് കൽപ്പിക്കുന്നുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നുണ്ട്.

14) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്.

15) ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും കാലികമാക്കിയിട്ടില്ല. കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

16) ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് അടുത്ത കമ്മിറ്റിയിൽ റിപ്പോർട്ട് ചർച്ചയ്ക്ക് എടുക്കുകയും, കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ മറുപടി തയ്യാറാക്കി സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിക്കുന്നുണ്ട്. ഓഡിറ്റ് ഒബ്ജക്ഷൻ/ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികമാക്കി സൂക്ഷിക്കുന്നുണ്ട്.

(അവലംബം: ഓഡിറ്റ് എൻക്വയറി നം. 19/26.07.2025)

## 1-9-1 എം.ജി.എൻ.ആർ.ഇ.ജി.എസ് - പ്രവർത്തന അവലോകനം

എം.ജി.എൻ.ആർ.ഇ.ജി.എസ് ൽ ഉൾപ്പെടുത്തി 2024-25 ൽ നിർവഹിച്ചിട്ടുള്ള വിവിധ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/25.07.2025)

| ഇനം | നടപ്പിലാക്കിയവയുടെ എണ്ണം |
|---|---|
| കോഴിക്കൂട് നിർമാണം | 2 |

| | |
|---|---|
| ഫാം പോണ്ട് നിർമാണം | 1 |
| കമ്പോസ്റ്റ് പിറ്റ് നിർമാണം | 2 |
| ആട്ടിൻകൂട് നിർമാണം | 2 |
| സോക്കിറ്റ് നിർമാണം | 28 |
| തൊഴുത്ത് നിർമാണം | 1 |
| അസോള ടാങ്ക് നിർമാണം | 1 |
| കിണർ നിർമാണം | 3 |
| കിണർ റീചാർജ് | 1 |
| തോട് പുനരുദ്ധാരണം | 10 |
| ഫലവൃക്ഷത്തൈ ഉത്പാദനവും പരിപാലനവും | 3 |
| കല്ല് കയ്യാല , തട്ട് തിരിക്കൽ, മഴക്കുഴി നിർമാണം | 42 |
| നഴ്സറി നിർമാണം | 1 |
| ലൈഫ് ഭവനപദ്ധതി | 28 |
| ആകെ | 125 |

തൻവർഷം മെറ്റീരിയൽ വർക്ക്(വ്യക്തിഗതം ഉൾപ്പെടെ) പൂർത്തിയാക്കിയവയുടെയും ,ലഭ്യമായ തുകയുടെയും വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| മെറ്റീരിയൽ വർക്ക് 2024-25 ൽ പൂർത്തിയാക്കിയവയുടെ എണ്ണം | ആകെ ചെലവു തുക | ലഭ്യമായ തുക | ലഭ്യമാകാനവശേഷിക്കുന്ന തുക |
|---|---|---|---|
| 41 | 368424 | 182610 | 185814 |

ലേബർ, മെറ്റീരിയൽ വർക്ക് റേഷ്യോ 60:40 വരെയാകാം എന്നതാണ് സർക്കാർ നിർദ്ദേശമെങ്കിലും 2024-25ൽ നിർവഹിച്ച പദ്ധതികളുടെ ലേബർ മെറ്റീരിയൽ റേഷ്യോ 95.35 : 4.65 എന്നതാണ്. ആസ്തി നിർമാണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ആവശ്യമായ പ്രാധാന്യം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/25.07.2025) ആസ്തി നിർമ്മാണ പ്രവൃത്തികളായ റോഡ് കോൺക്രീറ്റിംഗിന് മുൻവർഷങ്ങളിൽ ടെണ്ടറിൽ ആരും പങ്കെടുത്തിരുന്നില്ലായെന്നും തൻവർഷം ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് നിർമ്മാണം തുടങ്ങിയ വ്യക്തിഗത പ്രവൃത്തികളിൽ മെറ്റീരിയൽ തുക കിട്ടാൻ താമസം നേരിടുന്നത് കൊണ്ട് പല ഗുണഭോക്താക്കളും പ്രവൃത്തി ചെയ്യാൻ വിസമ്മതിക്കുന്നതായും തൻവർഷം മുതൽ കൂടുതൽ ആസ്തി നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

## 1-9-2 പൂർത്തിയാക്കാത്ത പ്രവൃത്തികൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ്.

എം.ജി.എൻ.ആർ.ഇ.ജി.എസ് വെബ്സൈറ്റ് പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ആരംഭിച്ച പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കാതെ സ്റ്റാറ്റസ് "Ongoing" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചേർക്കുന്നു.

എ) 2022-23 സാമ്പത്തിക വർഷത്തിലും, അതിന് മുൻപും ആരംഭിച്ച പ്രവൃത്തികളിലും പൂർത്തീകരിക്കാത്തവയുടെ വിവരം

| Sl No. | Work Name (Work Code) | Estimated Cost (In Lakhs) | | | | | | Expenditure Upto 29.07.2025 | | | | | | Reason For Ongoing |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Labour | | | Material | Contin Gency | Total | Labour | | | Material | Contin Gency | Total | |
| | | Unskilled | Semi-Skilled | Skilled | | | | Un Skilled | Semi-Skilled | Skilled | | | | |
| 1 | റോഡ് സൈഡ് ട്രീ പ്ലാന്റേഷൻ(13) (1614010007/ DP/267842) | 4.755475 | 0 | 0 | 0.0381 | 0.12462 | 4.92 | 1.24513 | 0 | 0 | 0 | 0 | 1.24513 | Less Than 30 % |
| 2 | റോഡ്സൈഡ് ട്രീപ്ലാന്റേഷൻ(12) (1614010007/ DP/281817) | 1.02167 | 0 | 0 | 0.0583171 | 0 | 1.08 | 0.26695 | 0 | 0 | 0 | 0 | 0.26695 | Less Than 30 % |
| 3 | ഫലവൃക്ഷ തൈകളുടെ നഴ്സറികളുടെ നിർമ്മാമണം(6) (1614010007/ DP/281820) | 1.614912296 | 0 | 0 | 0.46456 | 0 | 2.08 | 0.26558 | 0 | 0 | 0 | 0 | 0.26558 | Less Than 30 % |
| 4 | ഫലവൃക്ഷ തൈകളുടെ നഴ്സറികളുടെ നിർമ്മാണം പരിപാലനം(8) (1614010007/ DP/304607) | 1.0617467 | 0 | 0 | 1.91275 | 0 | 2.97 | 0.69231 | 0 | 0 | 0 | 0 | 0.69231 | Less Than 30 % |
| 5 | ആട്ടിൻകൂട് നിർമ്മാണം 01/220 മായ.എസ് (1614010007/ IF/527717) | 0.0318033 | 0.0237195 | 0.0140464 | 0.362031 | 0 | 0.43 | 0.03201 | 0 | 0.03772 | 0.29629 | 0 | 0.36602 | Geotag Issue |
| 6 | സോക്ക് പിറ്റ് 13/98 അബുസബീവി (1614010007/ IF/550807) | 0.0089042 | 0.0099765 | 0.0042018 | 0.0620463 | 0 | 0.09 | 0.00873 | 0 | 0.01416 | 0 | 0 | 0.02289 | Material Fund Waiting |
| 7 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ | 0.2619 | 0 | 0 | 0 | 0 | 0.26 | 0.15612 | 0 | 0 | 0 | 0 | 0.15612 | Housing |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വിവിധ ഭവന പദ്ധതികൾ ദിലീപ് കുമാർ 008/23) (1614010007/ IF/694913) | | | | | | | | | | | | | |
| 8 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതികൾ 001/126 നൂർജഹാൻ (1614010007/ IF/713900) | 0.2619 | 0 | 0 | 0 | 0 | 0.26 | 0.08148 | 0 | 0 | 0 | 0 | 0.08148 | Housing |
| 9 | കിണർ റീചാർജ്ജ് 013/98 അബുസാബീവി (1614010007/ IF/717772) | 0.010016 | 0.0104743 | 0.0065877 | 0.0529173 | 0 | 0.08 | 0.00873 | 0 | 0.0195 | 0 | 0 | 0.02823 | Material Fund Waiting |
| 10 | സോക്പിറ്റ് നിർമ്മാണം 010/290 രശ്മി.എസ് (1614010007/ IF/729758) | 0.0101607 | 0.0060508 | 0.0050996 | 0.0887549 | 0 | 0.11 | 0.00873 | 0.01115 | 0 | 0 | 0 | 0.01988 | PFMS ID Issue |
| 11 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതികൾ 012/247 ആസിയാബീവി) (1614010007/ IF/771524) | 0.2799 | 0 | 0 | 0 | 0 | 0.28 | 0.19282 | 0 | 0 | 0 | 0 | 0.19282 | Housing |
| 12 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതികൾ 008/55 അജയൻ) (1614010007/ IF/771544) | 0.2799 | 0 | 0 | 0 | 0 | 0.28 | 0.18032 | 0 | 0 | 0 | 0 | 0.18032 | Housing |
| 13 | ആട്ടിൻകൂട് നിർമ്മാണം 013/233 നസീമ അഹമ്മദ്) | 0.096589861 | 0.0772407 | 0.0379141 | 0.6039388 | 0 | 0.82 | 0.04976 | 0 | 0 | 0 | 0 | 0.04976 | - |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | (1614010007/ IF/828866) | | | | | | | | | | | | | |
| 14 | ആട്ടിൻകൂട് നിർമ്മാണം 012/248-നിസ) (1614010007/ IF/828867) | 0.096589861 | 0.0772407 | 0.0379141 | 0.5819388 | 0 | 0.79 | 0.04976 | 0 | 0 | 0 | 0 | 0.04976 | Less Than 30% |
| 15 | ആട്ടിൻകൂട് നിർമ്മാണം 014/81 - അസീന) (1614010007/ IF/828868) | 0.096255235 | 0.0772407 | 0.0379141 | 0.5814388 | 0 | 0.79 | 0.08708 | 0 | 0 | 0 | 0 | 0.08708 | Less Than 30% |
| 16 | തൊഴുത്ത് നിർമ്മാണം 008/254- രാഗിണി) (1614010007/ IF/828869) | 0.072703 | 0.1245739 | 0.0485168 | 0.53571 | 0 | 0.78 | 0.04976 | 0.04851 | 0.1244 | 0 | 0 | 0.22267 | Less Than 30% |
| 17 | തൊഴുത്ത് നിർമ്മാണം 012/117 അസീഫ) (1614010007/ IF/839460) | 0.0909824 | 0.1536552 | 0.0482469 | 0.8243159 | 0 | 1.12 | 0.04976 | 0 | 0.20184 | 0 | 0 | 0.2516 | Less Than 30% |
| 18 | Construction Of IAY House – IAY REG. NO. KL1090569 (1614010007/ IF/IAY/120798) | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 19 | Construction Of IAY House – IAY REG. NO. KL1093489 (1614010007/ IF/IAY/120817) | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 20 | Construction Of IAY House – IAY REG. NO. KL1113275 (1614010007/ IF/IAY/121004) | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 21 | Construction Of IAY House – IAY REG. NO. | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | KL1159003 (1614010007/ IF/IAY/121451) | | | | | | | | | | | | | |
| 22 | Construction Of IAY House – IAY REG. NO. KL1093476 (1614010007/ IF/IAY/122417) | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 23 | Construction Of IAY House – IAY REG. NO. KL1020715 (1614010007/ IF/IAY/128002) | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 24 | Construction Of IAY House – IAY REG. NO. KL1146698 (1614010007/ IF/IAY/131556) | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 25 | Construction Of PMAY-G House For Individuals – PMAY-G REG. NO. KL1046911 (1614010007/ IF/IAY/132398) | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 26 | Construction Of PMAY-G House For Individuals – PMAY-G REG. NO. L1160045 (1614010007/ IF/IAY/133139) | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 27 | Construction Of PMAY-G House For Individuals – PMAY-G REG. NO. KL1164634 (1614010007/ IF/IAY/138388) | 0.2619 | 0 | 0 | 0 | 0 | 0.26 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 28 | Construction Of PMAY-G House For Individuals- PMAY-G REG. NO. KL141860986 | 0.2799 | 0 | 0 | 0 | 0 | 0.28 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | (1614010007/ IF/IAY/152844) | | | | | | | | | | | | | |
| 29 | Construction Of PMAY-G House For Individuals- PMAY-G REG. NO. KL1153585 (1614010007/ IF/IAY/153041) | 0.2799 | 0 | 0 | 0 | 0 | 0.28 | 0 | 0 | 0 | 0 | 0 | 0 | Housing (Old) |
| 30 | കക്കൂസ് നിർമാണം 11/65 രാജൻ (1614010007/ RS/354810) | 0.0159841 | 0.0139484 | 0.014526 | 0.0755439 | 0 | 0.12 | 0.01355 | 0.02846 | 0 | 0.06807 | 0 | 0.11008 | Geotag Issue |
| 31 | കക്കൂസ് നിർമാണം 06/22 ഇന്ദിര (1614010007/ RS/354813) | 0.0159841 | 0.0139484 | 0.014526 | 0.0755439 | 0 | 0.12 | 0.01626 | 0.02846 | 0 | 0.07291 | 0 | 0.11763 | Geotag Issue |
| | Grand Total | 13.26 | 0.59 | 0.27 | 6.32 | 0.12 | 20.54 | 3.45 | 0.12 | 0.4 | 0.44 | 0 | 4.41 | |

ബി) 2023-24 സാമ്പത്തിക വർഷം ആരംഭിച്ചവയിൽ പൂർത്തിയാക്കാത്തവ

| **S No.** | **Work Name (Work Code)** | **Estimated Cost(In Lakhs)** | | | | | | **Expenditure On 29/07/2025** | | | | | | **Reason For Ongoing** |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **Labour** | | | **Material** | **Contin Gency** | **Total** | **Labour** | | | **Material** | **Contin Gency** | **Total** | |
| | | **Unskilled** | **Semi-Skilled** | **Skilled** | | | | **Unskilled** | **Semi-Skilled** | **Skilled** | | | | |
| 1 | സോക് പിറ്റ് നിർമ്മാണം (ശ്രീതല.കെ 011/258) (1614010007/ IF/1006544) | 0.0134319 | 0.0031698 | 0.004434 | 0.0554805 | 0 | 0.08 | 0.01332 | 0 | 0 | 0 | 0 | 0.01332 | PFMS ID Issue |
| 2 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതിക്കുള്ള അവിദഗ്ദ്ധ വേതനം 008/358 അശ്വതി) (1614010007/ IF/1026884) | 0.30464 | 0 | 0 | 0.0065 | 0 | 0.31 | 0.20776 | 0 | 0 | 0 | 0 | 0.20776 | Housing |
| 3 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതിക്കുള്ള | 0.2997 | 0 | 0 | 0.0065 | 0 | 0.31 | 0.09324 | 0 | 0 | 0 | 0 | 0.09324 | Housing |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | അവിദഗ്ദ്ധ വേതനം 009/12 ഹൈമലത) (1614010007/ IF/1026910) | | | | | | | | | | | | | |
| 4 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതിക്കുള്ള അവിദഗ്ദ്ധ വേതനം 010/204 വിജയശ്രീ) (1614010007/ IF/1037493) | 0.2997 | 0 | 0 | 0.0065 | 0 | 0.31 | 0.17628 | 0 | 0 | 0 | 0 | 0.17628 | Housing |
| 5 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതികൾ (002/149 അഷറഫ്) (1614010007/ IF/796593) | 0.2997 | 0 | 0 | 0 | 0 | 0.3 | 0.20646 | 0 | 0 | 0 | 0 | 0.20646 | Housing |
| 6 | സോക്കിറ്റ് നിർമ്മാണം (013/237 അസീല) (1614010007/ IF/883853) | 0.029223345 | 0.0144558 | 0.0122583 | 0.0513979 | 0 | 0.11 | 0.02664 | 0 | 0.02667 | 0 | 0 | 0.05331 | Less Than 30% |
| 7 | കിണർ നിർമ്മാണം 008/325 അമ്മിണി) (1614010007/ IF/942399) | 0.0834469 | 0.1043322 | 0 | 0.2005277 | 0 | 0.39 | 0.08325 | 0 | 0.10421 | 0 | 0 | 0.18746 | Less Than 30% |
| 8 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതികൾ 008/262 ആതിര) (1614010007/ IF/955952) | 0.2997 | 0 | 0 | 0.0065 | 0 | 0.31 | 0.24106 | 0 | 0 | 0 | 0 | 0.24106 | Housing |
| 9 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ | 0.2997 | 0 | 0 | 0.0065 | 0 | 0.31 | 0.09324 | 0 | 0 | 0 | 0 | 0.09324 | Housing |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വിവിധ ഭവന പദ്ധതികൾ 008/253 രാജി) (1614010007/ IF/957054) | | | | | | | | | | | | | |
| 10 | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതിക്കുള്ള അവിദഗ്ദ്ധ വേതനം 008/207 അജിത) (1614010007/ IF/996346) | 0.2997 | 0 | 0 | 0.0065 | 0 | 0.31 | 0.17316 | 0 | 0 | 0 | 0 | 0.17316 | Housing |
| | Grand Total | 2.23 | 0.12 | 0.02 | 0.35 | 0 | 2.74 | 1.31 | 0 | 0.13 | 0 | 0 | 1.45 | |

മേൽ പ്രവൃത്തികളിൽ 30% - ത്തിൽ താഴെ ചെലവുള്ളവ കംപ്ലീഷൻ ചെയ്യാൻ സാധിക്കുകയില്ലായെന്ന് അറിയിച്ചു. 30%-ത്തിൽ താഴെ ചെലവ് വന്ന പ്രവൃത്തികളിൽ വേതനം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ പണിപൂർത്തിയാക്കി മെറ്റീരിയൽ ബിൽ ഹാജരാക്കാത്ത പക്ഷം വിഷയത്തിന്മേൽ ഉചിതമായ തുടർനടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ മറ്റ് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-9-3 ഫാം പോണ്ട് നിർമ്മാണം - അപാകങ്ങൾ

വർക്ക് കോഡ് - 161410007/IF/GIS/15719

പ്രവൃത്തിയുടെ പേര് - ഫാം പോണ്ട് നിർമ്മാണം, നിസാർ, വാർഡ് 2

പദ്ധിയ്ക്കായി മെറ്റീരിയൽ ഇനത്തിൽ 13525/- രൂപയും വേതന ഇനത്തിൽ 68265/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയ്ക്കുവേണ്ടി ഉപയോഗിച്ച കയർഭൂവസ്ത്രത്തിന്റെ വിലയായി 11025 രൂപ ബിൽ നമ്പർ 15719/23.05.2024 പ്രകാരം കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷന് അനുവദിച്ചിട്ടുണ്ട്. COIRFED ൽ നിന്നും $1000m^2$ കയർഭൂവസ്ത്രം വാങ്ങിയതിന്റെ ഇൻവോയ്സ് (നം. CG-23-24/475 തീയതി 10.01.2024) ആണ് ഫയലിൽ ഉൾപ്പെട്ടിട്ടുള്ളത്. എസ്റ്റിമേറ്റ് ഐറ്റം 80.8.63 പ്രകാരം കയർ ജിയോ ടെക്സ്റ്റെയിൽസ് ഉചിതമായ അളവിൽ മുറിക്കുന്നതിനും ചരിവിന് അനുസരിച്ച് രൂപപ്പെടുത്തുന്നതിനുമായി എം ബുക്ക് പേജ് നം 19 പ്രകാരം 8 ദിവസത്തെ വേതനം അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ കയർ ഭൂവസ്ത്രം ലഭിക്കുന്നതിന് മുൻപായി ആയത് ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/29.07.2025) ഫയലിൽ ഉൾപ്പെട്ടിരുന്ന COIRFED – ന്റെ ബിൽ മാറിയതാണെന്നും 24/03/2023 ൽ ലഭിച്ച കയർ ഭൂവസ്ത്രമാണ് പദ്ധതിയ്ക്കായി വിനിയോഗിച്ചതെന്നും അറിയിച്ചു. കയർ ഭൂവസ്ത്രത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 10.01.2024 ൽ ലഭിച്ച $1000m^2$ സ്റ്റോക്കിൽ നിന്നാണ് $150m^2$ കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ

ലഭ്യമാകുന്ന കയർ ഭൂവസ്ത്രത്തിന്റെ അളവ് കൃത്യമായി രേഖപ്പെടുത്താത്തതിനാൽ മറുപടിയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

2) പദ്ധതി ആനുകൂല്യത്തിന് ശ്രീ. നിസാർ അർഹനാണെന്ന് വി.ഇ.ഒ അനുബന്ധം 1 ൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വി.ഇ.ഒ യുടെ സാക്ഷ്യപ്പെടുത്തൽ ഫയലിൽ ഉൾപ്പെടുത്താൻ വിട്ടുപോയെന്നാണ് അറിയിച്ചിട്ടുള്ളത്.

ഭാവിയിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (AFS പ്രകാരം) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8710 | 1293008 | 1301718 | 1302218 | 0 * |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25916938 | 25916938 | 25916938 | 0 |
| ആകെ | 8710 | 27209946 | 27218656 | 27219156 | 0* |

ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണചെലവ് 1301718/- രൂപയും AFS പ്രകാരമുള്ള ചെലവ് (ഹെഡ് കോഡ് 256100116) 1302218 രൂപയുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.01.2023 | 01.08.2021 മുതൽ 31.3.20222 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2020 | 2014-15 മുതൽ 2018-19 വരെ | 16.03.2020 |
| സപ്ലിമെന്ററി ഓഡിറ്റ് -എ.ജി. | 25.01.2024 | 2022-23 | 27.02.2024 |

## 1-11 ഇ-ടെണ്ടർ ഫോറവില സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റുകളിലെ ടെണ്ടർ ഫോറ വില (ടെണ്ടർ ഫീസ്) അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള വർക്കല SBI ബ്രാഞ്ചിലെ 40347782814 അക്കൗണ്ടിലാണ് നിലവിൽ ഒടുക്കു വരുത്തുന്നത്. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില (ടെണ്ടർ ഫീസ്) പ്രകാരം ആകെ 96955 രൂപ ലഭ്യമായിട്ടുണ്ടെന്നും തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലായെന്നും 2023-24 സാമ്പത്തിക വർഷത്തിൽ ലഭ്യമായ 14,400/- രൂപയും സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലെന്നും KYC അപ്ഡേറ്റ് ചെയ്ത ശേഷം തുക കൈമാറുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 11 /25.07.2025) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

2024-25 വർഷം വരെ ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ 1,11,355/- രൂപ അടിയന്തിരമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-1 അനധികൃത കെട്ടിട നിർമാണം തുടർ നടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ്

ഹരിതമിത്രം ആപ്പ് പരിശോധിച്ചതിൽ 357 കടമുറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായും, എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 219 സ്ഥാപനങ്ങൾ മാത്രം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതായും കണ്ടതിനെ തുടർന്ന് വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച കടമുറികൾ കൂടി ഹരിത മിത്രം ആപ്പിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന മറുപടിയാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരത്തിലുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സ്ഥാപനം സ്വീകരിച്ച നടപടികളുടെ വിശദാംശം, അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി ഫീൽഡ് പരിശോധന നടത്തിയതിന്റെ വിശദാംശം എന്നിവ രേഖകൾ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 50/30.07.2025 ന് അനധികൃത കെട്ടിട നിർമാണ രീതികൾ കണ്ടെത്തുന്നതിനായി ഫീൽഡ് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹരിതമിത്രം ആപ്പ് പ്രകാരം പഞ്ചായത്തിൽ 357 കട മുറികൾ, 14 സലൂണുകൾ, 4 ഓഡിറ്റോറിയം, 12 ഹോട്ടലുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ എണ്ണത്തിനാനുപാതികമല്ല തൻവർഷം ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 219 സ്ഥാപനങ്ങൾ മാത്രമാണ് 2024-25 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളത്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 49/30.07.2025 നു മറുപടിയായി കടമുറികളിൽ തട്ടുകടകൾ, നമ്പറിടാത്ത കടകൾ, കെട്ടിട ചട്ടം ലംഘിച്ച് നിർമിച്ച കടകൾ എന്നിവ ഉൾപെടുന്നുണ്ടെന്നും ആയവക്ക് ലൈസൻസ് നല്കാൻ കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചു. വരും വർഷങ്ങളിൽ ലൈസൻസ് ഇല്ലാത്ത എല്ലാ കടകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മറുപടിയായി അറിയിച്ചു. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ് .

## 1-13-1 കെട്ടിട നികുതി കുറവായി ഈടാക്കി

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കലുമായി ബന്ധപ്പെട്ട് സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകം ചുവടെ പറയുന്നു.

വെട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.10.2023 ലെ നമ്പർ ഉത്തരവ് പ്രകാരം 300 ച.മീ. വരെയുള്ള കെട്ടിടങ്ങൾ ക്ക് 1 ച.മീറ്ററിന് 7/- രൂപയും 300 ച.മീ. ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് 1 ച.മീറ്ററിന് 10/- രൂപയുമാണ് നിരക്ക്

നിശ്ചയിച്ചിട്ടുള്ളത്. 300 ച.മീ.ൽ കൂടുതൽ വിസ്തീർണമുള്ളതായ കെട്ടിടത്തെ 300 ച.മീ. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞനിരക്കിൽ (10/- രൂപയ്ക്ക് പകരം 7/- രൂപ നിരക്കിൽ) വസ്തുനികുതി നിർണയിച്ചിരിക്കുന്നു. ഇപ്രകാരം 2024-25 സാമ്പത്തിക വർഷം ച.മീറ്ററിന് 10.5 രൂപ ഈടാക്കേണ്ട സ്ഥാനത്ത് 7.35 രൂപയാണ് ഈടാക്കിയിട്ടുള്ളത്

| ഡോർ നമ്പർ വിസ്തീർണം | (ച.മീ.) | 01.04.2024 മുതൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക് | 01.04.2024 മുതൽഈടാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക് | സഞ്ചയ പ്രകാരം നികുതി ഡിമാന്റ് ചെയ്ത് തുടങ്ങിയ വർഷം |
|---|---|---|---|---|
| 4/479/A | 369.25 | 10.5 | 7.35 | 2024 ഒന്നാം അർദ്ധവർഷം |

ഓഡിറ്റ് നിർദേശ പ്രകാരം ടി കെട്ടിടത്തെ കെട്ടിട കരം 300 ച.മീറ്ററിന് മുകളിൽ ഉള്ള ഗണത്തിൽ ഉൾപ്പെടുത്തി കരം പുതുക്കി നിർണയിച്ചിട്ടുണ്ട് എന്നറിയിച്ചു. ആയത് പ്രകാരം 2024-25, 2025-26 സാമ്പത്തിക വർഷത്തിൽ ഒടുക്കേണ്ട അധിക തുക ഉടമയിൽ നിന്നും 30.07.2025 തിയ്യതിയിലെ R-GO10107-25001049 രസീത് പ്രകാരം ഈടാക്കിയിട്ടുണ്ടെന്നു ഓഡിറ്റ് എൻക്വയറി 36/28.07.2025 ന് മറുപടി ലഭ്യമാക്കി. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-13-2 വസ്തു നികുതി കുടിശ്ശിക റെവന്യു റിക്കവറി നോട്ടീസിന്മേലുള്ള തുടർ നടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ്

വസ്തു നികുതി അടവാക്കാത്തവർക്ക് പഞ്ചായത്തിൽ നിന്നും 03.05.2025 തിയ്യതി റെവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന കെട്ടിട ഉടമകൾ നോട്ടീസ് കൈപ്പറ്റിയിട്ടും വസ്തു നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണം ച.മീറ്ററിൽ | ഡിമാന്റ് ചെയ്ത തുക (പിഴ ഉൾപ്പെടെ) |
|---|---|---|---|---|
| 1. | 6/470/A | മുഹമ്മദ് ഷാഫി | 179.36 | 2145 |
| 2. | 6/470/B | മുഹമ്മദ് ഷാഫി | 53.45 | 4763 |
| 3. | 6/470/C | മുഹമ്മദ് ഷാഫി | 72.13 | 6087 |
| 4. | 6/470/D | മുഹമ്മദ് ഷാഫി | 72.13 | 703 |
| 5. | 5/323/A | അമ്മിണി | 143.6 | 1174 |
| 6. | 2/173/A | മാളു | 174 | 1408 |
| 7 | 12/418 | വിജീഷ് | 222 | 5007 |

റെവന്യൂ റിക്കവറി നോട്ടീസിന്മേലുള്ള തുടർ നടപടി വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 40/29.07.2025 ന് മറുപടിയായി 11 കെട്ടിട ഉടമകൾക്ക് നോട്ടീസ് അയച്ചിരുന്നു എന്നും അവയിൽ 4 കെട്ടിട ഉടമകൾ വസ്തു നികുതി അടവാക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്ന 7 കെട്ടിട ഉടമകൾക്കും റെവന്യൂ റിക്കവറി അറിയിപ്പ്

കൊടുക്കുന്നതിനു വേണ്ടി വില്ലേജിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 1-13-3 പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല.

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24(3) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചു കളയുകയോ, നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച നോട്ടീസ് സെക്രട്ടറിക്ക് നൽകേണ്ടതും, ആ കെട്ടിടം പൊളിച്ച് കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെയുള്ള വസ്തു നികുതി അടവാക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പൊളിച്ചു നീക്കപ്പെട്ട കെട്ടിടങ്ങൾക്ക് പൊളിച്ച് നീക്കപ്പെട്ട അർദ്ധവർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഡിമാന്റ് ചെയ്യുകയോ കളക്ട് ചെയ്യുകയോ ചെയ്തിട്ടില്ല . വിശാദാംശം ചുവടെ ചേർക്കുന്നു.

| SL No. | File No. | File Date | Door No | Owner Name | Address | Floor Area | Demolished Period | Collection Year |
|---|---|---|---|---|---|---|---|---|
| 1 | 3374/2024 | 19.08.2024 | 5/232 | ലക്ഷ്മി | ഇഞ്ചവിള പുത്തൻവീട് | 30 | 2024 ആദ്യ പകുതി | 2023 രണ്ടാം പകുതി |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 38/28.07.2025 ന് മറുപടിയായി കെട്ടിട നികുതി ഫസ്റ്റ് ഹാഫ് ഒഴിവാക്കി ഡിമോളിഷ് ചെയ്യുന്നതിനുള്ള ഓപ്ഷൻ സഞ്ചയയിൽ ഉണ്ടായിരുന്ന പ്രകാരമാണ് നികുതി ഒഴിവാക്കി ഡിമോളിഷ് ചെയ്തിട്ടുള്ളതെന്ന് അറിയിച്ചു. മറുപടി അംഗീകരിക്കാൻ ആവുന്നതല്ല. കെട്ടിടം പൊളിച്ച് കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെയുള്ള വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-13-4 കെട്ടിട നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകം

| | |
|---|---|
| ഫയൽ നമ്പർ | 1527/2024 |
| കെട്ടിട നമ്പർ | 5/84/A |
| ഉപയോഗ ക്രമം | ഓഫീസ് കെട്ടിടം |
| ഉടമയുടെ പേര് | സുബീർ & ആയിഷ, സുൾഫ കോട്ടജ്, വെട്ടൂർ |
| കെട്ടിട വിസ്തീർണം | 8.41 ച.മീ |

ഓഫീസ് ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിനാണ് മേൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ ടി കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ അതെ പ്ലോട്ടിൽ കെട്ടിടത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന 5/85എന്ന കെട്ടിടം പൊളിച്ചു മാറ്റി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് .എന്നാൽ സഞ്ജയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും 5/85 എന്ന കെട്ടിടം (വിസ്തീർണം 16 ച.മീ) പൊളിച്ച്

മാറ്റിയിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ അപേക്ഷ പ്രകാരമുള്ള കെട്ടിടനിർമ്മാണം നടത്തിയിട്ടുള്ളത് നിർദിഷ്ട സെറ്റ് ബാക്ക് പ്രകാരമാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 46/28.07.2025 ന് ടി കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്ന മുറയ്ക്കു ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതായിരിക്കും എന്ന മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 കെട്ടിട നികുതി അപാകതകൾ

കെട്ടിട നികുതി അപാകതകൾ ഉപ ഖണ്ഡികകളായി ചേർത്തിരിക്കുന്നു.

## 1-14-1 തൊഴിൽ നികുതി പിഴ ഈടാക്കിയില്ല

ഒന്നാം കേരള ബറ്റാലിയൻ എൻ.സി.സി എന്ന സ്ഥാപനം 2024-25 ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതിയായി 22000 രൂപ തിയ്യതി 09.10.2024 വർക്കല സബ് ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പിഴ കൂടാതെ അടവാക്കാനുള്ള അവസാന തിയ്യതി സെപ്റ്റംബർ 30 വരെയാണ്. കാലതാമസം വന്നതിനാൽ പിഴയായ 2 ശതമാനം (440രൂപ) ഈടാക്കേണ്ടതുണ്ട്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല .ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 23/26.07.2025 നു മറുപടിയായി പിഴ ഒടുക്കുന്നതിനു ടി സ്ഥാപനത്തിന് കത്ത് അയച്ചിട്ടുണ്ടെന്നും പിഴ അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതായിരിക്കും എന്നറിയിച്ചു. തുടർ നടപടി വിശദാംശം അറിയിക്കേണ്ടതാണ് .

## 1-14-2 തൊഴിൽ നികുതി പിഴ പഴയ നിരക്കിൽ ഈടാക്കുന്നു

കേരള പഞ്ചായത്ത് രാജ് ഭേദഗതി (2023 ലെ കേരള ധനകാര്യ ആക്ട് തിയ്യതി 28.03.2023) പ്രകാരം വരവ് കുടിശ്ശിക ഈടാക്കുമ്പോൾ പ്രതിമാസം 2 ശതമാനം പിഴപ്പലിശ ഈടാക്കേണ്ടതാണ്. ചുവടെ പറയുന്ന ജീവനക്കാരൻ ഒന്ന്, രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതികൾ ഒരുമിച്ച് രണ്ടാം അർദ്ധവർഷം ആണ് അടവാക്കിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം അടവാക്കിയപ്പോൾ പഴയ നിരക്കിൽ 1 ശതമാനം പിഴപ്പലിശ മാത്രമാണ് ഈടാക്കിയിരിക്കുന്നത്.

| പേര്, സ്ഥാപനം | ഒന്നാം അർദ്ധവാർഷിക നികുതിയും അടവാക്കിയ തിയ്യതിയും | ഈടാക്കിയ പിഴപ്പലിശ (1%) | ഈടാക്കേണ്ട പിഴപ്പലിശ (2%) | വ്യത്യാസം |
|---|---|---|---|---|
| സബാർ, പ്രിയദർശിനി സൊസൈറ്റി, വിളഭാഗം | 450/- രൂപ 29.03.2025 | 27 | 54 | 27 |

അപാകതക്ക് മറുപടി ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 23/26.07.2025 ന് മറുപടിയായി കുറവ് വന്ന പിഴ തുക ടിയാളിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. രസീത് പകർപ്പ് മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചെങ്കിലും ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുണു

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പാർവതി ഫിനാൻസ്, പുത്തൻചന്ത എന്ന സ്ഥാപനത്തിലെ ജീവനക്കാർ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാർ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. കൂടാതെ ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽനികുതിയും അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 23/26.07.2025 ന് മറുപടിയായി ടി സ്ഥാപനം രണ്ടാം അർദ്ധവർഷം മുതൽ പ്രവർത്തിക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്. ഒന്നാം അർദ്ധവർഷത്തിലെ സ്ഥാപന നികുതി അടവാക്കാൻ ഉടമക്ക് കത്തയച്ചിട്ടുണ്ടെന്നും മറുപടിയായി അറിയിച്ചു. സ്ഥാപന നികുതി ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-4 തൊഴിൽ നികുതി പത്രികകൾ അപൂർണം

കവീൻ ഓഫ് എയ്ഞ്ചേൽസ് പബ്ലിക് സ്കൂൾ, വെന്നിക്കോട് എന്ന സ്ഥാപനത്തിലെ 25 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ഒന്നാം അർദ്ധ വാർഷികം 13550/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരുടെ സ്ഥാപന മേലധികാരി സാക്ഷ്യപ്പെടുത്തിയ അർദ്ധവാർഷിക വരുമാനം പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 23/26.07.2025 ന് മറുപടിയായി ടി സ്കൂളിലെ ജീവനക്കാരുടെ മാസവരുമാനം സ്റ്റേറ്റ്മെന്റിൽ സാലറി എന്ന് രേഖപ്പെടുത്തി നല്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് അർദ്ധ വാർഷിക വരുമാനം കണക്കുകൂട്ടി തൊഴിൽ നികുതി കണക്കാക്കിയതെന്നു അറിയിച്ചു. എന്നിരുന്നാലും തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്തലുകൾ ഒന്നും വരുത്തിയിട്ടില്ല.

അർദ്ധവാർഷിക വരുമാനം പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കാൻ സാധിക്കാത്തതായ മറ്റു ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | സ്ഥാപനം | ഈടാക്കിയ തുക |
|---|---|---|---|
| 1. | റീന.വി (അറ്റന്റർ) | ഗവ. സിദ്ധ ആയുഷ് ഡിസ്പെൻസറി | 1000 (ഒന്നാം അർദ്ധവർഷം)<br>1000 (രണ്ടാം അർദ്ധവർഷം) |
| 2. | സബാർ (സെക്രട്ടറി) | പ്രിയദർശിനി സൊസൈറ്റി, വിളഭാഗം | 450(ഒന്നാം അർദ്ധവർഷം)<br>750 (രണ്ടാം അർദ്ധവർഷം) |

ക്രമ നമ്പർ 1 പ്രകാരമുള്ള ജീവനക്കാരിയുടെ ദിവസ വേതനം അടിസ്ഥാനമാക്കി അർദ്ധവാർഷിക വരുമാനം കണക്കു കൂട്ടിയാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതെന്നും ക്രമ നമ്പർ 2 പ്രകാരമുള്ള ജീവനക്കാരന്റെ അർദ്ധവാർഷിക വരുമാനം 54000/- എന്ന് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതെന്നും ഓഡിറ്റ് എൻക്വയറി 23/26.07.2025 ന് മറുപടിയായി അറിയിച്ചു.
ജീവനക്കാരുടെ സ്ഥാപന മേലധികാരികൾ സാക്ഷ്യപ്പെടുത്തിയ അർദ്ധവാർഷിക വരുമാനം തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകങ്ങൾ

തൊഴിൽ നികുതി അപാകതകൾ ഉപ ഖണ്ഡികകളായി ചേർത്തിരിക്കുന്നു.

## 1-15 വിവിധ ലേലങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

2024-25 സാമ്പത്തിക വർഷത്തെ ലേല പരസ്യം പരിശോധിച്ചതിൽ 08.02.2024 തിയ്യതിയിൽ വിവിധ ഇനങ്ങളിൽ ലേലം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ലേല രജിസ്റ്റർ പരിശോധിച്ചതിൽ പരസ്യപ്പെടുത്തിയിട്ടും ലേലം ചെയ്തു പോവാത്ത ഇനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലെലം ഇനം |
|---|---|
| 1 | പുത്തൻചന്ത അംഗീകൃത അറവുശാലകളിൽ വെച്ച് കശാപ്പുചെയ്ത ആട്ടിറച്ചി വില്പന നടത്തുന്നതിനുള്ള അവകാശം |
| 2 | സങ്കേത് വിള കല്ലുകടവ് റോഡ് പുറമ്പോക്കിലെ 16 മൂട് തെങ്ങിൽ നിന്നും ആദായം എടുക്കുന്നതിനുള്ള അവകാശം |
| 3 | ചിറ്റിലക്കാട് പ്ലാവാടികം അങ്കണവാടി ഭൂമിയിലെ ഓരോ തെങ്ങിൽ നിന്നുള്ള മേലാദായം എടുക്കുന്നതിനുള്ള അവകാശം |
| 4 | വിളബ് ഭാഗം പൊതുമാർക്കറ്റിലെ 9/336 F, 9/336 G, 9/336 Hനമ്പർ സ്റ്റാളുകൾ |

മേൽ പറഞ്ഞ ഇനങ്ങൾ ലേലം ചെയ്തു കൊടുക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 29/28.07.2025 ന് 08.02.2024 തിയ്യതിയിലെ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനെത്തുടർന്ന് 17.02.2024 ലെ 10(2) ഭരണസമിതി തീരുമാനം പ്രകാരം പുനർലേലം നടത്തിയെങ്കിലും പുനർലേലത്തിലും ആരും പങ്കെടുത്തില്ല എന്നും ഇതേ തുടർന്ന് 26.02.2024 തിയ്യത്തിലെ 18(1) തീരുമാനപ്രകാരം നടത്തിയ ക്വട്ടേഷനിലും ആരും പങ്കെടുത്തില്ല എന്നുമുള്ള മറുപടി ലഭ്യമാക്കി .
ലേലത്തിൽ ആരും പങ്കെടുക്കാത്തതിന് കാരണം കണ്ടെത്തി പരിഹരിക്കാനുള്ള നടപടി സ്വീകരിച്ച് പഞ്ചായത്തിന്റെ ആസ്തികൾ പൂർണമായും ലേലം ചെയ്ത് നല്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-16 ഹെൽത്ത് ഗ്രാന്റ്

GO (Rt) No 2132/2022 LSGD ഉത്തരവു പ്രകാരം 5 സ്കീമുകളിൽ മൂന്നു സ്കീമുകളാണ് ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായത്. സ്കീം 1 കെട്ടിടം ഇല്ലാത്തവയ്ക്ക് കെട്ടിടം (നിർവഹണോദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ) സ്കീം 3 ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (നിർവഹണം - മെഡിക്കൽ ഓഫീസർ), സ്കീം 4 ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (നിർവഹണം- മെഡിക്കൽ ഓഫീസർ) ഇവയാണ് മൂന്ന് സ്കീമുകൾ. ഇതിൽ സ്കീം-3, സ്കീം-4 എന്നീ രണ്ട് സ്കീമുകൾക്കായാണ് ഗ്രാമപഞ്ചായത്തിൽ തുക ലഭിച്ചത്. ഓരോ ഗ്രാന്റിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 3/25.07.25 നു ലഭ്യമാക്കിയ മറുപടിയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2021-22 | 0 |
| 2022-23 | 429639 |
| 2023-24 | 1107000 |
| 2024-25 | 853000 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil |
| 2022-23 | Nil | 214742 | 129187 | 343929 |
| 2023-24 | Nil | 445503 | 306268 | 751771 |
| 2024-25 | Nil | 220033 | 41526 | 261559 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

1069584/-

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2022-23 | 147-എഫ്.എച്ച്.സി വെട്ടൂർ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 214742 |
| | 148- കുടുംബാരോഗ്യ കേന്ദ്രം-ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 129187 |
| 2023-24 | 162-എഫ്.എച്ച്.സി വെട്ടൂർ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | 48948 |
| | 204-ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 396555 |
| | 205-കുടുംബാരോഗ്യ കേന്ദ്രം-ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 306268 |
| 2024-25 | 180 -എഫ്.എച്ച്.സി വെട്ടൂർ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(SO) | 1043 |
| | 181-ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 198057 |
| | 182-കുടുംബാരോഗ്യ കേന്ദ്രം-ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ(SO) | 26732 |
| | 225-എഫ്.എച്ച്.സി വെട്ടൂർ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 20933 |
| | 226-കുടുംബാരോഗ്യ കേന്ദ്രം-ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 14794 |

| | | |
|---|---|---|
| | 238-എഫ്.എച്ച്.സി വെട്ടൂർ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ സ്കീം 3-2023-24 | 0 |
| | 239-കുടുംബാരോഗ്യ കേന്ദ്രം-ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ സ്കീം 4-2023-24 | 0 |

5) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നീ ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്

പ്രോജക്റ്റുകളിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകൾ സംയോജിപ്പിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നിർവ്വഹിക്കുന്നത്. പി.എഫ്.എം.എസ് അക്കൗണ്ട് പ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്കുകൾ സുലേഖ സോഫ്റ്റ്വെയറിൽ ചെലവ് തുകയായി രേഖപ്പെടുത്തി ഓരോ മാസവും പ്രസ്തുത അക്കൗണ്ടിലെ കണക്കുകൾ ക്രമപ്പെടുത്തുന്നുണ്ട്. എല്ലാ പദ്ധതികളും ആരോഗ്യ സ്റ്റാൻറിംഗ് കമ്മറ്റി മോണിറ്ററിംഗ് നിർവ്വഹിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ, ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും നിർവ്വഹണ പുരോഗതി തുടർച്ചയായി ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭ്യമായ അത്രയും തുകയ്ക്കും പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. പ്രോജക്റ്റ് നമ്പർ 238-എഫ്.എച്ച്.സി വെട്ടൂർ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3-2023-24), പ്രോജക്റ്റ് നമ്പർ 239-കുടുംബാരോഗ്യ കേന്ദ്രം-ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (സ്കീം 4-2023-24) എന്നീ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവ നടപ്പിലാക്കിയിട്ടില്ല. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കാനായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി ഹെൽത്ത് ഗ്രാന്റിനത്തിൽ ഓരോ വർഷവും ലഭ്യമാകുന്ന ഫണ്ടുകൾക്കനുസൃതമായി പദ്ധതികൾ രൂപീകരിച്ച് ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ജലജീവൻ മിഷൻ -അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടി വെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020/Dpo/ തിരു/ജെ.ജെ.എം നം. കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം -15%

ഗുണഭോക്തൃവിഹിതം -10%

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിട്ടിയിൽ നിന്നും 2022-23 വർഷം പഞ്ചായത്തിന് 10149600/- രൂപ ലഭിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി 2021-22 വർഷം 424214/- രൂപയും 2022-23 വർഷം 335771 രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് വാട്ടർ അതോറിട്ടിയ്ക്ക് പ്രസ്തുത തുക കൈമാറിയിട്ടില്ല.കൂടാതെ സ്ഥാപന വിഹിതം 15% തുകയും പഞ്ചായത്ത് വാട്ടർ അതോറിട്ടിയ്ക്ക് കൈമാറിയിട്ടില്ല. വാട്ടർ അതോറിട്ടിയിൽ നിന്നും പഞ്ചായത്തിന് ലഭ്യമായ തുകയിൽ റോഡ് പുനരുദ്ധാരണത്തിനായി ഇതുവരെ 7198103/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ബാലൻസ് തുക 2951497/- രൂപയിൽ 2849827/- രൂപയ്ക്ക് 25-26 വർഷം വാർഷിക പദ്ധതിയിൽ പൂർത്തിയാകാത്ത റോഡുകൾക്ക് ചുവടെ പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതി നം., പേര് | അടങ്കൽ തുക | ചെലവ് തുക | ബാലൻസ് |
|---|---|---|---|---|
| 1 | S0168, കുഴിവിള റോഡ് പുനരുദ്ധാരണം | 858450 | - | 858450 |
| 2 | S0178, വാർഡ് 5, 6, 13, 14 ലെ വിവിധ റോഡുകളുടെ പുനരുദ്ധാരണം | 932850 | - | 932850 |
| 3 | S0215, എം.എം.റ്റി.റ്റി.ഐ അഴകൻവിള റോഡ് റീ കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം | 600000 | - | 600000 |
| 4 | S0216, വെട്ടൂർ തുരപ്പിൽ മുകൾറോഡ് മെയിന്റനൻസ് -രണ്ടാം ഘട്ടം | 458527 | - | 458527 |

പദ്ധതിയുടെ ബാലൻസ് തുക 101670/- രൂപയും വാട്ടർ അതോറിട്ടിയിൽ നിന്നും ലഭിച്ച തുക (10149600/-) യുടെ പലിശയും ഉൾപ്പെടെ നിലവിൽ 9298764/- രൂപ അവശേഷിക്കുന്നു.

റോഡ് പുനരുദ്ധാരണത്തിനല്ലാതെ ജലജീവൻ മിഷൻ പദ്ധതിയ്ക്കായി തൻവർഷം ഫണ്ട് വകയിരുത്തിയിട്ടില്ല.

(അവലംബം ഓഡിറ്റ് എൻക്വയറി 1/ 21.7.25 നുള്ള മറുപടി)

## 1-18 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പ്രീ പ്രൈമറി ഉൾപ്പെടെ എല്ലാ സ്കൂളുകൾക്കും അങ്കണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടാവണം എന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.12.2016 ലെ സർക്കുലർ നം. 792455/EW3/2016/തസ്വഭവ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| കസ്റ്റമർ നമ്പർ | ഉടമ | വാർഡ് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| VTR-010-000444 | എൽസി | 10-വലയന്റകുഴി | Queen Of Angels School |
| VTR-001-000368 | സുരേഷ് | 1-ടൂറിസ്റ്റ് ബംഗ്ലാവ് | C. M. J English Medium Shcool |

ഫിറ്റ്നസ് രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 32/28.07.2025 ന് ക്രമ നമ്പർ 1 പ്രകാരമുള്ള സ്ഥാപനം പുതിയ കെട്ടിട നിർമാണം നടത്തിയതിനാൽ ആദ്യ തവണ ഫിറ്റ്നസ് നൽകേണ്ടത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയത്തിൽ നിന്നും ആണെന്ന മറുപടിയും ക്രമ നമ്പർ 2 പ്രകാരമുള്ള സ്ഥാപനം ഫിറ്റ്നസ്സിനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. ക്രമ നമ്പർ 2 മറുപടി അംഗീകരിക്കാൻ ആവുന്നതല്ല. ടി സ്ഥാപനത്തിന് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ഫിറ്റ്നസ് ഇല്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നു ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 കാലാവധി കഴിഞ്ഞ ഹോമിയോ മരുന്നുകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി.

കാലാവധി കഴിഞ്ഞ ഹോമിയോ മരുന്നുകൾ "Expired Not For Dispense" എന്ന് രേഖപ്പെടുത്തി നിരവധി കാർട്ടൺ ബോക്സുകളിൽ പഞ്ചായത്ത് കെട്ടിടത്തിന് പുറകുവശത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ ഓഡിറ്റ് വേളയിൽ കണ്ടെത്തുകയുണ്ടായി. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 25/28.07.2025 ന് മറുപടിയായി കാലഹരണപ്പെട്ട മരുന്നുകൾ നിർമാർജ്ജനം ചെയ്യാൻ ഡയറക്ടറുടെ ഉത്തരവിനായി കാത്തിരിക്കുകയാണെന്നും ആശുപത്രിയിലെ സ്ഥലപരിമിതി മൂലമാണ് ഇത്തരത്തിൽ മാറ്റി വെച്ചതെന്നും അറിയിച്ചു. മരുന്നുകൾ വലിയ അളവിൽ കാലഹരണപ്പെട്ടു പോവാനുള്ള കാരണം കണ്ടെത്തി അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യത്തിന് അനുസൃതമായി മാത്രമാണോ മരുന്നുകൾ വാങ്ങുന്നത് എന്ന കാര്യം പരിശോധിക്കേണ്ടതാണ്. കാലഹരണപ്പെട്ട മരുന്നുകൾ നിർമ്മാർജ്ജനം ചെയ്യുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുവെന്നും മെഡിക്കൽ ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.





## 1-20 എൻ എച്ച് എം സിദ്ധ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല. 43,153/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S0013/2025 (എൻ എച്ച് എം സിദ്ധ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ ) |
| നിർവഹണം | മെഡിക്കൽ ഓഫീസർ,ആയുർവേദം. |

| | |
|---|---|
| അടങ്കൽ | 5,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 5,50,000/- |

ബിൽ നമ്പർ 181/03.10.2024 പ്രകാരം പ്രഫോർമ ഇൻവോയ്സ് നമ്പർ PITVM0154 തീയ്യതി 14.12.2024 ന്റെ അടിസ്ഥാനത്തിൽ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ വാങ്ങാൻ The Indian Medical Practitioners Co-Operative Pharmacy & Stores (IMPCOPS) എന്ന സ്ഥാപനത്തിന് 5,50,000/- രൂപ കൈമാറിയിട്ടുണ്ട് അവയിൽ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത മരുന്നുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്രെഡിറ്റ് ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | TVM/25-26/0666 | 30.05.2025 | 55075/- |
| 2 | TVM/24-25/3405 | 27.02.2025 | 96096/- |
| 3 | TVM/24-25/3406 | 27.02.2025 | 29509/- |
| 4 | TVM/24-25/3213 | 14.02.2025 | 79610/- |
| 5 | TVM/24-25/3122 | 07.02.2025 | 119211/- |
| 6 | TVM/24-25/3125 | 07.02.2025 | 4788/- |
| 7 | TVM/24-25/2535 | 16.12.2024 | 29939/- |
| 8 | TVM/24-25/2255 | 16.11.2024 | 80800/- |
| 9 | TVM/24-25/2256 | 16.11.2024 | 11819/- |
| ആകെ | | | 506847/- |

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 5/21.07.2025 ന് IMPCOPS എന്ന സ്ഥാപനവുമായി ബന്ധപ്പെടാറുണ്ടെന്നും, ടി തുകയ്ക്കുള്ള മരുന്നുകൾ അണ്ടർ പ്രൊഡക്ഷനിൽ ആണെന്നും പ്രൊഡക്ഷൻ ചെയ്തു വരുന്ന മുറയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതായിരിക്കും എന്ന് IMPCOPS കത്ത് മുഖാന്തരം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 43,153/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിലേക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S0014/2025 (എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ ) |
| നിർവഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം. |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 2,00,000/- |
| ബിൽ നമ്പർ | 127/16.08.2024 |

ബിൽ നമ്പർ 127/16.08.2024 പ്രകാരം പ്രഫോർമ ഇൻവോയ്സ് നമ്പർ PF-90 തീയതി 20.07.2024 ന്റെ അടിസ്ഥാനത്തിൽ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ വാങ്ങാൻ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (പാതിരപ്പള്ളി, ആലപ്പുഴ) എന്ന സ്ഥാപനത്തിന് 2,00,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 6/21.07.2025നു മറുപടിയായി ഹോംകോയിൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടക്കുന്നതിനെ തുടർന്ന് ഇൻഡന്റ് നഷ്ടമായെന്നതിനാലാണ് മരുന്നുകൾ ലഭ്യമാകാൻ കാലതാമസം നേരിട്ടതെന്നു അറിയിച്ചു. ഇതേ തുടർന്ന് 11.04.2025 തിയ്യതി മെയിൽ മുഖേനെയും 18.07.2025 തീയതി AHIMS 2.0 മുഖേനെയും ഇൻഡന്റ് അയച്ചു കൊടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻവർഷങ്ങളിൽ വാങ്ങിയ മരുന്നുകൾ കാലഹരണപ്പെട്ടതിനെ തുടർന്ന് വലിയ അളവിൽ ഉപേക്ഷിക്കപ്പെട്ട സാഹചര്യത്തിൽ ആവശ്യനുസരണം മാത്രം മരുന്ന് പർച്ചേസ് ചെയ്യാൻ മെഡിക്കൽ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഉപകരണങ്ങൾ പൂർണമായും ലഭ്യമാക്കിയില്ല, 4748/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S0181/2025 (ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യം ഏർപ്പെടുത്താൻ) |
| നിർവഹണം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| അടങ്കൽ | 377445/- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 198057/- |
| ബിൽ നമ്പർ | 142/06.09.2024 തുക 10848<br>205/23.10.2024 തുക 29673<br>292/12.12.2024 തുക 48883<br>432/10.02.2025 തുക 14800<br>452/15.02.2025 തുക 46153<br>506/07.03.2025 തുക 26560<br>507/07.03.2025 തുക 21140 |

ബിൽ നമ്പർ 452/15.02.2025 പ്രകാരം പ്രഫോർമ ഇൻവോയ്സ് നമ്പർ 15266തീയ്യതി 10.02.2025 ന്റെ അടിസ്ഥാനത്തിൽ എഫ്.എച്ച്.സി യിലേക്ക് ഉപകാരങ്ങൾ ലഭ്യമാക്കാൻ ഇൻഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനത്തിനു 46153 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയിസ് നമ്പർ C11246/2024-25തിയ്യതി 22.02.2025 പ്രകാരം 22447/- രൂപയുടെയും ടാക്സ് ഇൻവോയിസ് നമ്പർ C11339/2024-25തിയ്യതി 22.02.2025 പ്രകാരം 18958/- രൂപയുടെയും ഉപകരണങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 13/25.07.2025 ന് മറുപടിയായി അവശേഷിക്കുന്ന തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കാൻ ഇൻഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനത്തിന് കത്ത് അയച്ചിട്ടുണ്ടെന്നും, ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതായിരിക്കും എന്നറിയിച്ചു. ഉപകരണങ്ങൾ ലഭ്യമാക്കി

സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. 4748/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 സഹായി - ഹോം നഴ്സിംഗ് പൂൾ - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 54/25 |
| പ്രോജക്ടിന്റെ പേര് | സഹായി - ഹോം നഴ്സിംഗ് പൂൾ |
| അടങ്കൽ തുക | 50000 |
| ചെലവ് തുക | 2060 |
| ഫണ്ട് | വികസനഫണ്ട് ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ സ്ത്രീകൾക്ക് സ്വയംതൊഴിൽ ലഭ്യമാകുന്നതിനും സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്ത്രീകളുടെ ലേബർ ബാങ്ക് തയ്യാറാക്കി ഹോം നഴ്സിംഗ് പൂൾ തുടങ്ങുന്നതിനും ഇതിലൂടെ സ്ത്രീകൾക്ക് പരിശീലനം നൽകി വിവിധ മേഖലകളിലെ ജോലികൾക്ക് (വീട്ടുജോലികൾ, രോഗി പരിചരണം, നവജാതശിശു പരിചരണം, വയോജന പരിചരണം തുടങ്ങിയവ) സ്ത്രീകളെ വിട്ട് നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ജോലി ചെയ്യാൻ സന്നദ്ധരായവരുടെ ഒരു ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുകയും ടി ലിസ്റ്റ് ഭരണസമിതി അംഗീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ തൊഴിൽ തേടുന്നവർക്ക് പരിശീലനം, ഐ.ഡി കാർഡ്, യൂണിഫോം, രജിസ്റ്ററുകൾ, എന്നിവയ്ക്ക് പണം ചെലവഴിക്കാവുന്നതാണ് എന്ന് പദ്ധതി വിഭാവനം ചെയ്യുന്നു. ഭരണസമിതി തയ്യാറാക്കി അംഗീകരിക്കുന്ന ബൈലോ പ്രകാരം ഇവരുടെ വേതനം നൽകുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും നിർവഹണ ഉദ്യോഗസ്ഥയുടെയും പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കുകയും സേവനം ആവശ്യമുള്ളവരിൽ നിന്നും ബൈലാ പ്രകാരമുള്ള തുക ടി അക്കൗണ്ടിൽ നിക്ഷേപിച്ച് തൊഴിൽ ലഭിക്കുന്നവർക്ക് വേതനം നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

പദ്ധതി മുഖേന പരിശീലനം പൂർത്തിയാക്കിയ 5 പേരെ ഉൾപ്പെടുത്തി ലേബർ ബാങ്ക് രൂപീകരിച്ചിട്ടുണ്ട്. ലേബർ ബാങ്കിൽ ഉൾപ്പെട്ടവർക്ക് ആശുപത്രി കൂട്ടിരിപ്പ് ദിവസം - 500/-രൂപ, ഫുൾ ടൈം -16000/-, പാർട്ട് ടൈം - 10000/- എന്നിങ്ങനെ വേതനം നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും നിർവഹണ ഉദ്യോഗസ്ഥയുടെയും പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിച്ചിട്ടില്ല. പദ്ധതിയ്ക്കായി ബൈലാ തയ്യാറാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മറ്റ് തുടർപ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. പദ്ധതിയുടെ തുടർപ്രവർത്തനം കാര്യക്ഷമമാക്കി തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 24,15,230/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളിൽ ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കൂടാതെ നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെടുകയോ പ്രവൃത്തി പൂർത്തീകരിക്കുന്ന കാലയളവ് സംബന്ധിച്ച തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ-

| നം | പദ്ധതി നം, പേര് | പദ്ധതി വിശദാംശം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം തീയതി | നിർവഹണ ഏജൻസി |
|---|---|---|---|---|---|---|
| 1 | S0 191/25 വെട്ടൂർ ഏലാത്തോട് ജലസംരക്ഷണത്തിനായി തടയിണ നിർമ്മാണം | വെട്ടൂർ ഏലാത്തോട് ജലസംരക്ഷണത്തിനായി തടയിണ നിർമ്മാണത്തിനായുള്ള പദ്ധതി | 1000000 | 1000000 (CFC Grant) | 317/23.12.24 | ജലസേചന വകുപ്പ്, ആറ്റിങ്ങൽ |
| 2 | S0 236/25 മണികണ്ഠൻ ചിറയിൽ പാർശ്വഭിത്തി നിർമ്മാണം | 4-ാം വാർഡിൽ മണികണ്ഠൻ ചിറയിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതി | 200000 | 200000 (CFC Grant) | 600/22.3.25 | ജലസേചന വകുപ്പ്, ആറ്റിങ്ങൽ |
| 3 | S0 220/25 ഗവ. എൽ പി സ്കൂളുകളിൽ കുഴൽകിണർ നിർമ്മാണം | വിളബ് ഭാഗം, വലയന്റെകുഴി എന്നീ എൽ പി സ്കൂളുകളിൽ കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള പദ്ധതി | 1000000 | 595910 (CFC Grant) | 309/20.12.24 | കേരള ഗ്രൗണ്ട് വാട്ടർ അതോറിട്ടി |
| 4 | S0 189/25 ആയുർവേദ ആശുപത്രിക്ക് കുഴൽകിണർ നിർമ്മാണം | ആയുർവേദ ആശുപത്രിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുനന്തിന് കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള പദ്ധതി | 500000 | 297955 (CFC Grant) | 310/20.12.24 | കേരള ഗ്രൗണ്ട് വാട്ടർ അതോറിട്ടി |
| 5 | S0 231/25 മൗണ്ട് കുടിവെള്ള പദ്ധതികഴൽകിണർ നിർമ്മാണം | വാർഡ് 9 ൽ കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള പദ്ധതി | 500261 | 321365 (CFC Grant) | 477/27.2.25 1935/- 603/24.3.25 319430/- | കേരള ഗ്രൗണ്ട് വാട്ടർ അതോറിട്ടി |

പദ്ധതി പണം പിൻവലിച്ച് വിവിധ പദ്ധതികൾക്കായി നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പദ്ധതികളുടെ നിർഹണവുമായി ബന്ധപ്പെട്ട യാതൊരു നടപടികളും ഇതുവരെ ആരംഭിച്ചിട്ടില്ല. കൂടാതെ സ്ഥാപനവുമായി കരാറിലേർപ്പെടാത്തതു കാരണം പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല. ഈ വിഷയത്തിൽ മോണിട്ടറിംഗ് സമിതി യാതൊരു തുടർനടപടിയും കൈക്കൊണ്ടിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/ 28.7.25) മേൽ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് പദ്ധതി ആരംഭിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പദ്ധതി ഇതുവരെ ആരംഭിക്കാത്തതിനാലും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാലും പദ്ധതിയ്ക്കായി ചെലവ് ചെയ്ത തുക 24,15,230/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ആശ്വാസ് പദ്ധതി-ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയില്ല- 2,76,101/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നം., പേര് | SO 148/25 ആശ്വാസ് പദ്ധതി സ്പിൽ ഓവർ |
| അടങ്കൽ തുക | 588101/- വികസന ഫണ്ട് ജനറൽ |
| ചെലവ് തുക | 588101/- |
| ബിൽ നം തീയതി | 16/9.5.24 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് ധനസഹായം നല്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)115/2022 തീയതി 28.5.22 ഖണ്ഡിക 7.6.7) പ്രകാരം വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനായി വരുമാന പരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം 4000/- രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നല്കുന്ന തരത്തിലാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്. ജില്ലാ പഞ്ചായത്ത് വിഹിതമായി 2000/- രൂപയും ഗ്രാമ പഞ്ചായത്ത് വിഹിതമായി 20000/- രൂപയും ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്താണ് പദ്ധതി നിർവഹണം നടത്തുന്നത്. 23-24 വർഷത്തെ പദ്ധതി 24-25 വർഷം സ്പിൽ ഓവറായി ആണ് നടപ്പിലാക്കിയിട്ടുള്ളത്. 23-24 വർഷം 13 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. 13 ഗുണഭോക്താക്കൾക്ക് 20000 രൂപ ക്രമത്തിൽ ഒരു വർഷത്തേക്ക് (2000X12X13) 312000/- രൂപയാണ് ജില്ലാ പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി അടയ്ക്കേണ്ടത്. എന്നാൽ 588101 രൂപയാണ് ജില്ലാ പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി അടച്ചിട്ടുള്ളത്. അധികമായി തുക അടയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41, 29.7.25) ജില്ലാ പഞ്ചായത്തിൽ നിന്നും 588101/- രൂപ അടയ്ക്കാൻ റിക്വിസിഷൻ ലഭിച്ചതിനാലാണ് തുക നല്കിയതെന്നും ഗുണഭോക്തൃ ലിസ്റ്റ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. ലിസ്റ്റ് ലഭ്യമാകാത്തതിനാൽ അധികമായി അനുവദിച്ച (588101-312000) 2,76,101/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ദുരിതാശ്വാസനിധി - നിഷ്ക്രിയമായി തുടരുന്നു.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

വെട്ടൂർ ഗ്രാമ പഞ്ചായത്ത് ദുരിതാശ്വാസ നിധി അക്കൗണ്ടിന്റെ (5256) ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 2024-25 ൽ മുന്നിരിപ്പായും നീക്കിയിരിപ്പായും 5594/- രൂപയുണ്ട്. സാമ്പത്തിക വർഷത്തിൽ ബാങ്ക് പലിശയോ മറ്റ് വരവോ ഇല്ലാതെ നിഷ്ക്രിയമായി തുടരുന്നതായി കണ്ടു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 4/21.07.2025) ലഭ്യമാക്കിയ

മറുപടിയിൽ ദുരിതാശ്വാസ നിധിയിൽ വരവുചെലവുകളില്ല എന്ന് അറിയിച്ചു. മുൻ റിപ്പോർട്ടുകളിലും ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഗ്രാമ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതും ദുരിതമനുഭവിക്കുന്ന അർഹതപ്പെട്ട വ്യക്തികൾക്ക് മേൽ ചട്ടപ്രകാരം അടിയന്തിര ധനസഹായം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 1-27 കരാർ വ്യവസ്ഥയിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്നും ഈടാക്കിയ സെക്യൂരിറ്റി തുക സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറേണ്ടതാണ്

വെട്ടൂർ ഗ്രാമ പഞ്ചായത്തിലെ 2024-25 ൽ അസി. എൻജിനീയർ നിർവ്വഹണം നടത്തിയ വൈദ്യശാല വാറഴികം റോഡ് പുനരുദ്ധാരണം (159/25) എന്ന പ്രോജക്ട്ഫയൽ പരിശോധിച്ചതിൽ ശ്രീ ദിലീപ്.ബി. എന്ന കരാറുകാരൻ ആദ്യം കരാറിലേർപ്പെട്ടിരുന്നെങ്കിലും (09/AE/LID&EW/VTR/2022-23 Dt.29.12.2022) ടിയാൾ പദ്ധതി നിർവ്വഹിച്ചിട്ടില്ല എന്നു കാണുന്നു. 04.01.2024 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ AE/LSGD/VTR/80/2022-23 നമ്പർ കത്ത് പ്രകാരം, ടിയാളുടെ കരാർ ഉടമ്പടി റദ്ദാക്കിയതായും ടിയാൻ സമർപ്പിച്ചിരുന്ന സെക്യൂരിറ്റി ഡിപ്പോസിറ്റ് തുകയായ 12050/- രൂപ മുതൽക്കൂട്ടാൻ തീരുമാനിച്ചതായും ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കരാറുകാരൻ സമർപ്പിച്ചിരുന്ന FD No. 08500300019497 /29.12.2022 ഗ്രാമ പഞ്ചായത്തിൽ മുതൽ കൂട്ടുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ SBI വർക്കല ബ്രാഞ്ച് കറണ്ട് അക്കൌണ്ട് നമ്പർ 40347782814 ൽ തുക ക്രഡിറ്റ് ചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കുവാനും അപേക്ഷ സമർപ്പിച്ചിരുന്നു.

തുക ലഭ്യമാക്കി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/ 26.07.2025) ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുണ്ടെന്നും തുക സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ലെന്നും കെ.വൈ.സി. അപ്ഡേഷൻ ആയ ശേഷം തുക സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതാണെന്നും അറിയിച്ചു. തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളിൽ ഇൻഷുറൻസ് പോളിസി എടുത്തില്ല- പിഴ തുകയായ 1150/- രൂപ ഈടാക്കിയില്ല.

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-രൂപ, മാക്സിമം 5,00,000/-രൂപ ഇൻഷുറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷുറൻസ് പോളിസി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികളിൽ ഇൻഷുറൻസ് പോളിസി പരിശോധനയ്ക്ക് ലഭ്യമാക്കുകയോ 0.2% ഫൈൻതുക ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കരാർ തുക (₹) | കരാറുകാരന്റെ പേര് | ഈടാക്കേണ്ട പിഴ (₹) |
|---|---|---|---|---|
| 1 | പൊന്നൻവിളാകം കാക്കക്കുഴി - റോഡ് ഓട മെയിന്റനൻസ് (167/25) | 381275 | ശ്രീ.താരിസ് മുഹമ്മദ് | 763 |
| 2 | അംഗൻവാടി ടോയ് ലറ്റുകളുടെ അറ്റകുറ്റപ്പണി (160/25) | 193283 | ശ്രീ.ആൽഫ്രഡ്.സി | 387 |
| ആകെ | | | | 1150 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 28/ 28.7.2025) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ (1) ൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നും ക്രമ നമ്പർ (2) ൽ Retension തുകയിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു . തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ഭരണസമിതി തീരുമാനങ്ങൾ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

വെട്ടൂർ ഗ്രാമ പഞ്ചായത്തിലെ 2024-25 ലെ വിവിധ ജനറൽ കമ്മിറ്റി തീരുമാനങ്ങളും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.9/23.07.2025) സ്ഥാപനം ലഭ്യമാക്കിയ മറുപടി പ്രകാരം സ്വീകരിച്ച നടപടി വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി, തീരുമാനം നമ്പർ | കമ്മിറ്റി തീരുമാനം | ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി |
|---|---|---|---|
| 1 | 08/05/2024 - 1(5) | പ്ലാസ്റ്റിക്ക് മാലിന്യ സംരക്ഷണ കേന്ദ്രം അപകടരഹിതമാക്കുന്നതിന്റെ ഭാഗമായി എം.സി.എഫ് സന്ദർശിച്ച ഫയർ ആന്റ് സേഫ്റ്റി ഉദ്യോഗസ്ഥരും, തുടർന്ന് ബ്ലോക്കുതല ഫയർ ഓഡിറ്റ് ടീമും ചുവടെപ്പറയുന്ന സംവിധാനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുന്നതിന് നിർദ്ദേശിച്ചത് കമ്മിറ്റി ചർച്ച ചെയ്തു.<br>എമർജൻസി എക്സിറ്റിന്റെ ഭാഗമായി രണ്ടാമത്തെ നിലയിലെ വാതിലിൽ നിന്നും പുറത്തേയ്ക്ക് Ladder സ്ഥാപിക്കണം<br>ഒന്നാമത്തെ നിലയിലുള്ള എം.സി.എഫിലേക്കുള്ള വഴി ഗ്രിൽ ഉപയോഗിച്ച് അടച്ച് സുരക്ഷ ഉറപ്പുവരുത്തണം. | 2024-25 വർഷം AE നിർവ്വഹണോദ്യോഗസ്ഥനായി എംസിഎഫ് മെയിന്റനൻസ് പദ്ധതി തയ്യാറാക്കി ടെണ്ടർ ചെയ്തെങ്കിലും ടെണ്ടർ എടുക്കുന്നതിന് ആരും മുന്നോട്ട് വന്നില്ല. ഈ വർഷം പ്രവൃത്തി ഒരു കരാറുകാരൻ ഏറ്റെടുത്തിട്ടുണ്ട്. പ്രോജക്ടിൽ പ്രസ്തുത ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2 | 08/05/2024 11(1) | വെട്ടൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പൊതുയിടങ്ങളും ബാരിയർ ഫ്രീ ഭിന്നശേഷി സൗഹൃദമാക്കുന്നതുമായി ബന്ധപ്പെട്ട് Central Ministry Of Law And Justice, New Delhi അംഗീകരിച്ച് പാസ്സാക്കിയിട്ടുള്ള The Rights Of Persons With Disabilities Act 2016 No. 49 Of 2016 Dtd 27th December 2016- (RPWD Act | ഓഡിറ്റോറിയങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | 2016) Chapter -VIII, Section 44 To 45 പ്രകാരം ഭിന്നശേഷി സൗഹൃദമല്ലാത്ത കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ യാതൊരു കാരണവശാലും Completion Certificate നൽകാൻ പാടില്ലാത്തതും നിലവിലെ എല്ലാ പൊതു കെട്ടിടങ്ങളും അടുത്ത 5 വർഷത്തിനകം ഭിന്നശേഷി സൗഹൃദമാക്കുന്നതിനും നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ആക്റ്റ് പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ആഫീസുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ആഡിറ്റോറിയങ്ങൾ, ഹാളുകൾ, സിനിമാശാലകൾ, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയ എല്ലാ പൊതുയിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കാണിച്ച് 24/03/2024 തീയതിയിൽ ബഹു. ജോയിന്റ് ഡയറക്ടറുടെ LSGD/JD/TVM/2677/2024-C4 നമ്പർ കത്ത് കമ്മിറ്റി പരിശോധിക്കുകയും, ഗ്രാമപഞ്ചായത്തിനെ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് മേൽസൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ കത്ത് നൽകുന്നതിന് പഞ്ചായത്ത് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു | |
| 3 | 08/05/2024<br>12(1) | വെട്ടൂർ ഗ്രാമപഞ്ചായത്ത് - ശ്രീമതി. അസീന, സുമയ്യ മൻസിൽ, മേൽവെട്ടൂർ എന്നയാൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്ക് ഭൂമി വിട്ട് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ കമ്മിറ്റി പരിശോധിക്കുകയും, ടി ഭൂമി ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിനായി LID & EW, അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | ലാന്റ് റിലിൻക്വിഷ്മെന്റ് ഫോമിൽ വിട്ടു തരുന്ന സ്ഥലത്തിന്റെ എക്സ്റ്റെന്റ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് AE റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെ വിവരം അറിയിച്ചിട്ടുണ്ട്. |
| 4 | 08/05/2024<br>15(1) | വനം വന്യജീവി വകുപ്പ്- സംസ്ഥാനത്തെ രൂക്ഷമായ മനുഷ്യ- വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനായുള്ള വനം വന്യജീവി (ഡി) വകുപ്പിന്റെ 07/03/2024 ലെ സ.ഉ.(കൈ) നം. 12/2024/F&WLD നം. കത്ത് കമ്മിറ്റി പരിശോധിക്കുകയും, വന്യജീവി സംഘർഷമുള്ള മേഖലകളിൽ വനംവകുപ്പ് അധികൃതരും മറ്റും വിശദമായ പരിശോധന നടത്തി പ്രദേശവാസികളുടെ ആശങ്കകൾ ഒഴിവാക്കുകയും, അവരുടെ ജീവനും സ്വത്തിനും | ജാഗ്രതാ സമിതി രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രാദേശികതല ജാഗ്രതാ സമിതി രൂപീകരിക്കുന്നിതിന് പഞ്ചായത്ത് യോഗം തീരുമാനിച്ചു. | |
| 5 | 25/05/2024<br>11(1) | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13 ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച വെട്ടൂർ ലൈബ്രറി നിർമ്മാണ പദ്ധതി KSCADC മുഖേന പൂർത്തീകരിച്ചിട്ടുള്ളതായും ലൈബ്രറി 25/04/2015 ൽ പഞ്ചായത്തിന് താക്കോൽ സഹിതം കൈമാറിയിരുന്നു എന്നും കെട്ടിടവും ഫർണിച്ചറും പുസ്തകങ്ങളും കമ്പ്യൂട്ടറും കൈമാറിയതിന്റെ രേഖകളുടെ പകർപ്പുകളും കാണിച്ച് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ചെയർമാൻ സമർപ്പിച്ച കത്തും, കൈമാറി നൽകിയ കമ്പ്യൂട്ടർ, ഫർണീച്ചർ, പുസ്തകങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ലിസ്റ്റും പഞ്ചായത്ത് യോഗം പരിശോധിക്കുകയും, കൈമാറി ലഭിച്ച കമ്പ്യൂട്ടർ, ഫർണീച്ചർ, പുസ്തകങ്ങൾ എന്നിവ പൂർണ്ണമായും ലൈബ്രറിയിൽ നിലവിലില്ല എന്ന് വാർഡ് സ്റ്റാഫ് റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ KSCADC കൈമാറി നൽകിയ ലിസ്റ്റിൽ ടി സാധന സാമഗ്രികൾ കൈപ്പറ്റിയവരോട് വിശദീകരണം ആവശ്യപ്പെടുന്നതിന് 26/02/2024 തീയതിയിലെ പഞ്ചായത്ത് യോഗത്തിന്റെ 2(1) നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ടി സാധന സാമഗ്രികൾ കൈപ്പറ്റിയവരോട് വിശദീകരണം ആവശ്യപ്പെടുകയും വിശദീകരണം ആവശ്യപ്പെട്ടവരിൽ ശ്രീ. അബ്ദുൽ അഹദ്, പേഴുവിള, വെട്ടൂർ പി.ഒ എന്നയാൾ സമർപ്പിച്ച മറുപടി കത്ത് കമ്മിറ്റി ചർച്ച ചെയ്തു. പ്രസ്തുത അരിവാളം ലൈബ്രറി റീഡിംഗ് റൂമിന്റെ പ്രവർത്തനം ശ്രീ. അബ്ദുൽ അഹദും മറ്റും ഏറ്റെടുത്ത സമയത്ത് കൈമാറി കിട്ടിയ സാധന സാമഗ്രികൾ ലൈബ്രറിയിൽ അവശേഷിച്ചിരുന്നതായും, പഞ്ചായത്ത് ഭരണ സമിതി ഏറ്റെടുക്കാതിരുന്ന സാഹചര്യത്തിൽ ടി ലൈബ്രറിയുടെ താക്കോൽ അഞ്ചുതെങ്ങ് പോലീസിനെ ഏൽപ്പിച്ചിട്ടുള്ളതായും തുടർന്ന് സാമൂഹ്യ വിരുദ്ധർ ടി | വെട്ടൂർ ലൈബ്രറി നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് സാധന സാമഗ്രികൾ കൈപ്പറ്റിയവർക്കെതിരെയും സ്റ്റേഷൻഹൗസ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ലൈബ്രറി കൈയ്യേറിയതായും അറിയാൻ കഴിഞ്ഞിട്ടുള്ളതായി ശ്രീ. അബ്ദുൽ അഹദ്, സമർപ്പിച്ച മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല എന്ന് പഞ്ചായത്ത് യോഗം അഭിപ്രായപ്പെട്ടു. ടി സാധന സാമഗ്രികൾ കൈപ്പറ്റിയവരോട് തുടർന്നും വിശദീകരണം ആവശ്യപ്പെടുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | |
| 6 | 31/07/2024<br>33(1) | 12-ാം വാർഡിൽ നൊഞ്ചൻ വിളാകം മൺപാത പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നുള്ള വാർഡ് മെമ്പർ ശ്രീ. താഹ സമർപ്പിച്ച കത്തും ശ്രീമതി സജിത, തുണ്ടിൽ വീട് ശ്രീമതി അസീന, തൊണ്ടിൽ വീട്, ശ്രീമതി ആമിന, മുള്ളിൽ തൊടിയിൽ വീട്. എന്നിവരുടെ Land Relinquishment അപേക്ഷയും കമ്മിറ്റി പരിശോധിച്ചു. ടി വസ്തു ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് യോഗം LID &EW, AE യെചുമതലപ്പെടുത്തി തീരുമാനിച്ചു | ലാന്റ് റിലിൻക്വിഷ്മെന്റ് ഫോമിൽ വിട്ടു തരുന്ന സ്ഥലത്തിന്റെ എക്സ്റ്റെന്റ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് AE റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെ വിവരം അറിയിച്ചിട്ടുണ്ട്. |
| 7 | 03/10/2024<br>4(1) | വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്തി പരിപാലനവുമായി ബന്ധപ്പെട്ട് വിവിധ ഘടകസ്ഥാപനങ്ങളിലെ ഡോക്യുമെന്റുകൾ പരിപാലിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് യോഗം ചർച്ച ചെയ്തു. വിവിധ ഘടക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ലാത്ത ആസ്തി വിവരങ്ങളുടെ ഡോക്യുമെന്റ്സ് സബ് രജിസ്റ്റർ ആഫീസിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | നടപടി സ്വീകരിക്കുന്നതാണ്. |
| 8 | 13/11/2024<br>19(1) | വിളബ്ഭാഗം സബ് സെന്ററിൽ നിലവിൽ വാട്ടർ കണക്ഷനില്ലാത്തത് കാരണം സബ് സെന്ററിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായും ആയതിനാൽ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിലേക്കുള്ള നടപടി സ്വീകരിക്കണമെന്നുള്ള ശ്രീമതി രേഷ്മ. എസ്. കുമാർ (JPHN Grade II) സമർപ്പിച്ചിച്ച അപേക്ഷ പഞ്ചായത്ത് യോഗം ചർച്ച ചെയ്തു. പ്രസ്തുത വിഷയത്തിൻമേൽ സ്ഥല | സ്ഥല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് യോഗം അംഗീകരിച്ച് തീരുമാനിച്ചു. | |
| 9 | 15(1) | ബഹു. ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ ആഫീസിൽ ലഭ്യമായിട്ടുണ്ട്. തഹസിൽദാറുമായി ചർച്ച ചെയ്ത് ടി വസ്തുക്കളിൽ നിന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ മാലിന്യ പദ്ധതികൾക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തേണ്ടതും ടി വിവരം ബഹു. ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ് എന്ന് 20/11/2024 തീയതിയിലെ LSGD/JD/762/2023-K1 നമ്പർ കത്ത് പ്രകാരം ബഹു. ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് പഞ്ചായത്ത് യോഗം ചർച്ച ചെയ്യുകയും ടി ലിസ്റ്റിലുള്ള ഭൂമി ഭരണസമിതി പരിശോധിച്ച് മാലിന്യ പദ്ധതികൾക്ക് അനുയോജ്യമാണോ എന്ന് കണ്ടെത്തി നൽകുന്ന മുറയ്ക്ക് ടി വിവരം ബഹു. ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് പഞ്ചായത്ത് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| 10 | 24/12/2024<br>16(1) | പകൽ വീട് പ്രവർത്തന ക്ഷമമാക്കുന്നത് സംബന്ധിച്ച് സീനിയർ സിറ്റിസൺ ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ്, വെട്ടൂർ സമർപ്പിച്ച കത്ത് പഞ്ചായത്ത് യോഗം ചർച്ച ചെയ്തു. 2024-25 വാർഷിക പദ്ധതി ഭേദഗതിയിൽ പകൽ വീട് പ്രവർത്തന ക്ഷമമാക്കുന്നതിന് വേണ്ടി ഫണ്ട് വകയിരുത്തി പ്രോജക്ട് രൂപീകരിക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | 2025-26 വാർഷിക പദ്ധതിയിൽ പകൽവീട് പ്രവർത്തനസജ്ജമാക്കൽ എന്ന പ്രോജക്ടിനു വേണ്ടി 100000/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| 11 | 25/01/25<br>10(1) | വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ നിലവിൽ പ്രവർത്തിക്കുന്ന എം.സി.എഫിന് സ്ഥല പരിമിതി ഉള്ളതിനാൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും പ്ലാസ്റ്റിക് സംഭരണം സർക്കാർ നിർദ്ദേശിച്ച രീതിയിൽ നിർവ്വഹിക്കുന്നതിനും പുതിയ എം.സി.എഫ് കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് വലയന്റകുഴിയിലുള്ള, 6.80 ആർ (വെട്ടൂർ വില്ലേജ് ബ്ലോക്ക് നം. 006 പഴയ സർവ്വെ നം. 21065/എ3, റീസർവ്വേ നം. 485/24) സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്തിന്റെ | പ്രോജക്ട് 2025-26 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. |

| | | | |
|---|---|---|---|
| | | സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. റവന്യൂ രേഖകൾ പ്രകാരം ടി സ്ഥലം പഞ്ചായത്ത് കുളം എന്ന് കാണുന്നു. വളരെക്കാലങ്ങൾക്കു മുൻപ് തന്നെ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കപ്പെടുന്ന ടി പ്രദേശം കരഭൂമിയായി നിലനിൽക്കുന്നതിനാലും എം.സി.എഫ് കെട്ടിടനിർമ്മാണം അനിവാര്യമായി ഏറ്റെടുക്കേണ്ട പദ്ധതിയാണെന്നതിനാലും ടി സ്ഥലത്തിന്റെ തൽസ്ഥിതി വിവരം വെട്ടൂർ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് കൂടി ലഭ്യമാക്കി വെട്ടൂർ ഗ്രാമപഞ്ചായത്തിനായി എം.സി.എഫ് കെട്ടിടനിർമ്മാണത്തിനുള്ള അനുമതി ലഭ്യമാകുന്നതിന് ബഹു. ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. | |
| 12 | 25/01/25<br>17(1) | വെട്ടൂർ ഗ്രാമപഞ്ചായത്ത് വടക്കേപ്പള്ളി നടപ്പാത പുനരുദ്ധാരണം, എ.എം.റ്റി.റ്റി.ഐ -അഴുക്കൻ വിള നടപ്പാത പുനരുദ്ധാരണം എന്നീ പ്രവർത്തികളുമായി ബന്ധപ്പെട്ട് 2005/06 ലെ കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്റിപ്പോർട്ട് - ബഹു. നിയമസഭാ സമിതി(2016-2019) യുടെ 7-ാമത് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിനായി 22.11.2011ാം തീയതി 497255 (നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഇരുന്നൂറ്റി അൻപത്തി അഞ്ച് രൂപ) പിഴപ്പലിശ സഹിതം ഒടുക്കുന്നതിന് പ്രവർത്തികളുടെ കൺവീനറായ ശ്രീ. സുരേഷ്ബാബു, തുണ്ട് വിള വീട് എന്നയാളിന് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത നടപടിക്കെതിരെ ടിയാൻ ബഹു. ഹൈക്കോടതിക്കെതിരെ WP(C) No.2336/2012 നമ്പരായി റിട്ട് പെറ്റീഷൻ നൽകിയിരുന്നു. എന്നാൽ ടി പെറ്റീഷൻ ബഹു. ഹൈക്കോടതി തള്ളിയത് പ്രകാരം തുക ഈടാക്കുന്നതിന് 15/11/2024 ൽ ഈ ആഫീസിൽ നിന്നും കൺവീനർ ശ്രീ. സുരേഷ് ബാബുവിന് രേഖാമൂലം കത്ത് നൽകിയിരുന്നു. തുടർന്ന് പ്രവൃത്തികൾ എഞ്ചിനീയർമാർ സൂപ്പർവിഷൻ ചെയ്യുകയും, ബിൽ പാസാക്കി നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടി പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്നും, ബിൽ തുകയേക്കാൾ കൂടുതൽ കൈപ്പറ്റിയിട്ടില്ല എന്നും മറ്റ് നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അല്ലാത്ത പക്ഷം ടിയാൻ ബഹു. ഓംബുഡ്സ്മാനെ സമീപിക്കുമെന്നും കാണിച്ച് 03/01/2025 ൽ | റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി 18.03.2025 ൽ RR ഓൺലൈനായി ഫയൽ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | അപേക്ഷ നൽകിയിരിക്കുന്നു. പ്രസ്തുത വിഷയം പഞ്ചായത്ത് യോഗം ചർച്ച ചെയ്തു. ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ശ്രീ. സുരേഷ് ബാബുവിൽ നിന്നും ഈടാക്കേണ്ടതാണെന്ന് യോഗം വിലയിരുത്തുകയും ആയതിലേയ്ക്ക് വേണ്ടി ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | |
| 13 | 05/03/2025 8(1) | വെട്ടൂർ ഗ്രാമ പഞ്ചായത്തിലെ ചിറ്റിലക്കാട് ഒലിപ്പിൽ റോഡ് നിർമ്മാണത്തിന് വേണ്ടി LRRP 2024-25 (ആയിരം കോടി പദ്ധതി)യിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റോഡ് നിലവിലുള്ള പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. നിരവധി ഗുണഭോക്താക്കൾ ഉള്ള ടി റോഡ് അടിയന്തിരമായി കേരള ലാൻഡ് റീലിൻക്വിഷ്മെന്റ് ആക്ട് 1958 പ്രകാരം ആസ്തിയിൽ ഉൾപ്പെടുത്തിയാൽ പദ്ധതി നഷ്ടപ്പെടാതെ ഗവൺമെന്റ് അനുവദിച്ച ഫണ്ട് വിനിയോഗിക്കുവാൻ സാധിക്കും എന്ന് യോഗം വിലയിരുത്തി. ടി റോഡ് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് റോഡ് കടന്ന് പോകുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെന്ന് കാണുന്നതിനാൽ ടിയാളിൽ നിന്നും ലാന്റ് റീലിൻക്വിഷ്മെന്റ് ചെയ്ത് കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് യോഗം അംഗീകരിച്ച് തീരുമാനിച്ചു | ഭൂമി ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടുന്നതിനായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

മേൽ ഭരണസമിതി തീരുമാനങ്ങളിൽ ഗ്രാമ പഞ്ചായത്ത് തുടർ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 അസിസ്റ്റന്റ് എഞ്ചിനീയർ ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയില്ല

വെട്ടൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം ആകെ 46 പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നു. എന്നാൽ ഇതിൽ 15 പ്രോജക്റ്റുകൾ മാത്രമാണ് നടപ്പാക്കിയത്. 31 പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടില്ല. ആകെ 3,27,47,866/- രൂപ അടങ്കൽ തുക വകയിരുത്തിയതിൽ 83,23,653/- രൂപ (25.41%) മാത്രമാണ് ചെലവഴിച്ചത്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 10/ 23.07.2025) ലഭ്യമാക്കിയ മറുപടി യിൽ Take A Break ഭൂമി സംബന്ധമായ തർക്കമുള്ളതിനാലും MCFനിർമ്മാണം സോയിൽ ടെസ്റ്റ് ചെയ്യുന്നതിനായി കാലതാമസം

നേരിട്ടുവെന്നും ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ബാക്കിയുള്ള പ്രോജക്ടുകൾ ഇ-ടെണ്ടർ ചെയ്യതും നിരവധി പ്രാവശ്യം കച്ടേഷൻ ചെയ്യിട്ടുള്ളതുമാണെന്നും കരാറുകാർ ഒന്നും ബിഡ് സമർപ്പിക്കാത്തതിനാൽ പ്രോജക്ട് ഒന്നും നടപ്പാക്കാനാവാതെ വന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

ഗ്രാമ പഞ്ചായത്തിൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താത്തത് സംബന്ധിച്ച് കാരണവും പ്രതിവിധിയും കണ്ടെത്തേണ്ടതാണ്. അതാത് വർഷം ഗ്രാമ പഞ്ചായത്തിന് അനുവദിയ്ക്കുന്ന ഫണ്ടുകൾ ചെലവഴിക്കുന്നതിനും ഫണ്ട് ലാപ്സായി പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-31 പുനരുപയോഗ സാധ്യമല്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പദ്ധതി- ജി.എസ്.ടി ഇനത്തിൽ ഒടുക്കിയ 4548/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 77/2025 |
| പ്രോജക്ടിന്റെ പേര് | പുനരുപയോഗ സാധ്യമല്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പദ്ധതി |
| അടങ്കൽ | 262346/- |
| ചെലവ് | 262346/- |
| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ |
| ബിൽ നം | 1) 58/28-6-2024 തുക-47530 |
| | 2) 153/12-9-2024 തുക-20300 |
| | 3) 186/7-10-2024 തുക-28170 |
| | 4) 195/17-10-2024 തുക-25270 |
| | 5) 229/8-11-2024 തുക-24010 |
| | 6) 250/27-11-2024 തുക-24710 |
| | 7) 318/23-12-2024 തുക-21420 |
| | 8) 409/3-2-2025 തുക-16170 |
| | 9) 499/6-3-2025 തുക-29818 |
| | 10) 598/22-3-2025 തുക-24948 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പുനരുപയോഗ സാധ്യമല്ലാത്ത പ്ലാസ്റ്റിക്ക് ഉൾപ്പടെയുള്ള അജൈവ മാലിന്യം വേർ തിരിച്ച് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച അംഗീകൃത ഏജൻസി മുഖേന നീക്കം ചെയ്യുന്ന പദ്ധതി പ്രകാരം GREEN TECH ECO CONSULTANCY KOLLAM എന്ന കമ്പനിയുമായി കിലോക്ക് 7 രൂപ നിരക്കിൽ മാലിന്യം നീക്കം ചെയ്യുന്നതിനായി കരാറിൽ ഏർപ്പെടുകയും ക്രമ നം. 1 മുതൽ 8 വരെയുള്ള ബിൽ നമ്പറുകൾ പ്രകാരം 207580/- രൂപ കൈമാറുകയും ചെയ്യിട്ടുണ്ട്. പിന്നീട് POWER GREEN ECO SOLUTIONS VALATHUNGAL മായി കിലോക്ക് 7 രൂപ + ജി.എ.സ്.ടി എന്ന നിരക്കിൽ മാലിന്യം നീക്കം

ചെയ്യുന്നതിനായി കരാറിൽ ഏർപ്പെടുകയും 499/6-3-2025, 598/22-3-2025 ബിൽ നമ്പറുകൾ പ്രകാരം 54766/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

499/6-3-2025 ബിൽ പ്രകാരം കിലോക്ക് 7 രൂപ നിരക്കിൽ 29819/- രൂപ (25270 + ജി.എ.സ്.ടി 4548)യും മാലിന്യം നീക്കം ചെയ്യുന്നതിനായി കൈമാറിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം തുക പൂർണ്ണമായും അനുവദിക്കാത്തതിനാൽ ബിൽ നം. 598/22.03.2025 പ്രകാരം 24948/- രൂപ അനുവദിച്ചതിൽ ജി.എസ്.ടി തുക ഉൾപ്പെട്ടിട്ടില്ല. ജി.എസ്.ടി വകുപ്പിന്റെ സർക്കുലർ നം. 51/25/2018-GST തീയതി 31.07.2018 പ്രകാരം പാഴ് വസ്തുക്കൾ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ജി.എ.സ്.ടിയിൽ നിന്ന് ഒഴിവാക്കിയതാണ്. തുടർന്നും ജി.എസ്.ടി ഇനത്തിൽ സ്ഥാപനത്തിന് തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനുള്ള ഓഡിറ്റ് എൻക്വയറിക്ക് (26/28-07-2025) ജി.എ.സ്.ടി ഒഴിവാക്കികൊണ്ടുള്ള സർക്കുലർ നം. 51/25/2018-GST ശ്രദ്ധയിൽ പെടാതെ പോയത് കൊണ്ടാണ് ഇത്തരം അപാകത സംഭവിച്ചതെന്നും ഇത്തരം ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ജി.എ.സ്.ടി ഇനത്തിൽ ഒടുക്കിയ തുക പവർ ഗ്രീൻ എക്കോ സൊല്യൂഷൻസിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തുന്നതാണെന്നും മറുപടി നൽകി. തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നത് വരെ 4548/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-32 പഴയ കേടായ വല മാറ്റി പുതിയ വല നൽകൽ പദ്ധതി-1,20,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 22/2025 |
| പ്രോജക്റ്റിന്റെ പേര് | പഴയ കേടായ വല മാറ്റി പുതിയ വല നൽകൽ |
| അടങ്കൽ | 360000/- (വികസന ഫണ്ട് ജനറൽ- 270000, മറ്റുള്ളവ- 90000) |
| ചെലവ് | 360000/- (വികസന ഫണ്ട് ജനറൽ- 270000, മറ്റുള്ളവ- 90000) |
| ബിൽ നമ്പർ | 295/13-12-2024 തുക 90000/- |
| | 361/7-1-2025 തുക 90000/- |
| | 366/16-1-2025 തുക 45000/- |
| | 436/12-2-2025 തുക 45000/- |
| | വൗച്ചർ നം-22400692 തീയതി-15/12/2024<br>ചെക്ക് നം-042701 തീയതി-12/12/2024<br>തുക- 30000/- (ഗുണഭോക്തൃ വിഹിതം) |
| | വൗച്ചർ നം- 22400931 തീയതി-20-02-2025<br>ചെക്ക് നം- 043867 തീയതി-12-02-2025<br>തുക- 15000/- (ഗുണഭോക്തൃ വിഹിതം) |
| | വൗച്ചർ നം- 22400959 തീയതി-22/02/2025<br>ചെക്ക് നം- 045382 തീയതി-21/02/2025<br>തുക- 15000/- (ഗുണഭോക്തൃ വിഹിതം) |

| | |
|---|---|
| | വൗച്ചർ നം- 22400864 തീയതി-27/01-2025<br>ചെക്ക് നം- 043844 തീയതി-25/01/2025<br>തുക- 30000/- (ഗുണഭോക്തൃ വിഹിതം) |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

15 മീറ്റർ നീളത്തിൽ അധികരിക്കാത്ത എഫ് ആർ പി മറൈൻ വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങി നൽകുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പ്രോജക്ട് പ്രകാരം ചുവടെ പറയുന്ന 6 മത്സ്യ തൊഴിലാളികൾക്കാണ് ആനുകൂല്യം നൽകിയത്.

1. സലീം, പടിഞ്ഞാറ്റുവിള, വെട്ടൂർ
2. ബഷീർ, ചരുവിള വീട്, വെട്ടൂർ
3. സിദ്ദീഖ്, ഫിഷറീസ് കോളനി, ചൂളപ്പുര, വെട്ടൂർ
4. നാസർ, കനാൽ പുറമ്പോക്ക്, വെട്ടൂർ
5. അഷ്റഫ്, ചിലക്കൂർ, വെട്ടൂർ
6. മുഹമ്മദ് ഷിഹാബുദ്ധീൻ, ചീനക്കരവിള വീട്, വെട്ടൂർ

പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പഴയ കേടായ വല മാറ്റി പുതിയ വല നൽകുന്നതിനായി സബ്സിഡി ഇനത്തിൽ വല ഒന്നിന് 45000/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട് (ഇതു കൂടാതെ വല ഒന്നിന് ഗുണഭോക്താക്കൾ നൽകേണ്ട ഗുണഭോക്തൃ വിഹിതം 15000/- രൂപയാണ്). ഇപ്രകാരം ഗുണഭോക്തൃവിഹിതം ഉൾപ്പെടെ വല ഒന്നിന് 60,000/- രൂപ വച്ച് 6 പേർക്കുള്ള വലയുടെ വിലയായ 360000/- രൂപ മത്സ്യഫെഡിന് കൈമാറിയിട്ടുണ്ട്. എന്നാൽ MATSYA FED VYASA STORE ൽ നിന്നും പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങി നൽകിയതിന്റെ 240000/- രൂപയുടെ ടാക്സ് ഇൻവോയ്സ് മാത്രമാണ് പദ്ധതിച്ചെലവിന് ആധാരമായി ഫയലിൽ ഉൾപ്പെട്ടിട്ടുള്ളത്. നാസർ (കനാൽ പുറമ്പോക്ക്, വെട്ടൂർ), അഷ്റഫ് (ചിലക്കൂർ, വെട്ടൂർ) എന്നീ ഗുണഭോക്താക്കൾക്ക് പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങി നൽകിയതിന്റെ (120000 രൂപയുടെ) ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/29-07-2025) നാല് പേർക്ക് മാത്രമേ മത്സ്യഫെഡിൽ നിന്നും വല നൽകിയിട്ടുള്ളുവെന്നും രണ്ട് പേർക്കുള്ള വലയ്ക്ക് ഓർഡർ നൽകിയിട്ടുള്ളത് ഇത് വരെ ലഭ്യമാകാത്തതിനാലാണ് ടാക്സ് ഇൻവോയ്സ് ഹാജരാക്കാത്തതെന്ന് മറുപടി നൽകി. മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് വല ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ ടി ഇനത്തിൽ മത്സ്യഫെഡിന് നൽകിയ 1,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 വാഹനങ്ങൾക്ക് ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണ്.

സ.ഉ(പി)നം.819/2000/ധന തീയതി 18.04.2000, സർക്കുലർ നമ്പർ 02/2024/ധന തീയതി 10.01.2024 എന്നിവ പ്രകാരം കേരള സർക്കാരിന്റെ കീഴിലുള്ള എല്ലാ വാഹനങ്ങളുടെയും ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നുമായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിൽ

മേൽ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. ചുവടെ ചേർക്കുന്ന വാഹനങ്ങൾക്ക് ഇൻഷ്വറൻസ് എടുത്തിട്ടുള്ളത് മറ്റ് കമ്പനികളിൽ നിന്നാണ്.

1. KL 81 A-7964 -NEW INDIA INSURANCE COMPANY

2. KL16X1897-UNITED INDIA INSURANCE

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/29-07-2025) പ്രസ്തുത വാഹനങ്ങൾക്ക് ഇൻഷ്വറൻസ് വരും വർഷങ്ങളിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കുന്നതാണെന്നു മറുപടി നൽകി. ഇൻഷ്വറൻസ് പുതുക്കുന്ന വേളയിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് - വിശദാംശം

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 15 | 92000 | 92000 | 0 |

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

Nil

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

Nil

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മാർച്ച് 2025 | 500 | 500 | - | |

## 4-2 സംയുക്ത പ്രോജക്ടുകളുടെ വിശദാംശം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (രൂ.) | തൻ വർഷം ലഭിച്ച തുക (രൂ.) | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1098470 | 200000 | 72/25, പാലിയേറ്റീവ് കെയർ | 200000 | 1098470 |
| | | 1150000 | 01/25, ലൈഫ് ഭവനപദ്ധതി 2024-25 ജനറൽ | 1150000 | |
| | | 280000 | 137/25, ലൈഫ് 2020 ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം പട്ടികജാതി | 280000 | |
| | | 650000 | 136/25, ലൈഫ് 2020 ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം ജനറൽ | 650000 | |
| | | 50000 | 28/25, ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 50000 | |
| | | 100000 | 16/25, അങ്കണവാടി പോഷക ആഹാര വിതരണം | 100000 | |
| | | 184250 | 18/25, സ്നേഹസ്പർശം | 184250 | |
| | | 150000 | 93/25, അങ്കണവാടിയ്ക്ക് ഭൂമി വാങ്ങൽ | 150000 | |
| | | 380000 | 101/25, ലൈഫ് ഭവനപദ്ധതി 2024-25 എസ്.സി | 380000 | |
| | | 64998 | 10/25, ക്ഷീരസമൃദ്ധി | 64998 | |
| ആകെ | 1098470 | 3209248 | | 3209248 | 1098470 |
| ജില്ലാ പഞ്ചായത്ത് | 46138 | 28000 | 179/25, ഹരിതഭവനം | 28000 | 46138 |
| | | 197500 | 18/25, സ്നേഹസ്പർശം | 197500 | |

| | | | | | |
|---|---|---|---|---|---|
| | | 64998 | 10/25, ക്ഷീരസമൃദ്ധി | 64998 | |
| ആകെ | 46138 | 290498 | | 290498 | 46138 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 187/25, പോസ്റ്റ് ഷിഫ്റ്റിംഗ് | 27582 | - | 27582 |
| | 149/25, പോസ്റ്റ് ഷിഫ്റ്റിംഗ് | 24464 (23752 + 712 - വൗച്ചർ) | - | 24464 |
| | 152/25, ഗവ എൽ പി എസ് വൈദ്യുതീകരണം, സുനാമി കെട്ടിടം | 144657 * | - | 144657 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 220/25, ഗവ എൽ . പി സ്കൂളുകളിൽ കുഴൽക്കിണർ നിർമ്മാണം | 595910 | - | 595910 |
| | 189/25, ആയുർവേദ ആശുപത്രിയിൽ കുഴൽകിണർ നിർമ്മാണം | 297955 | - | 297955 |
| | 231/25, മൗണ്ട് കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മാണം | 321365 | - | 321365 |
| പി.ഡബ്ല്യു.ഡി | 236/25, മണികണ്ഠൻ ചിറയിൽ പാർശ്വ ഭിത്തി നിർമ്മാണം | 200000 | - | 200000 |
| | 191/25, വെട്ടൂർ ഏലാത്തോട് ജലസംരക്ഷണത്തിനായി തടയിണ നിർമ്മാണം | 1000000 | - | 1000000 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | മുന്നിരിപ്പ് | 2024-25 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2024-25 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 223212 | 0 | 0 | 0 | 0 | 223212 |
| കെ.എസ്.ഇ.ബി* | 80621 | 196703 | 277324 | - | 277324 | 132667 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 672878 | 1215230 | 1888108 | **558453** | 1329655 | 1329655 |
| പി.ഡബ്യു.ഡി | 0 | 1200000 | 1200000 | - | 1200000 | 1200000 |

* 152/25, ഗവ എൽ പി എസ് വൈദ്യുതീകരണം, സുനാമി കെട്ടിടം 144657 അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ് വിവരങ്ങൾ

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക (രൂ.) | തൻ വർഷം ലഭിച്ച തുക (രൂ.) | ആകെ (രൂ.) | തൻവർഷം അടച്ച തുക (രൂ.) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂ.) |
|---|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018/ ത.സ്വ.ഭ.വ./ തീ.18.05.2018 | 30947748 | 0 | 30947748 | 2621238 | 28326510 |

## 4-6 സ്ഥിര നിക്ഷേപം

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | തുക (രൂ.) | തീയതി | FD യുടെ കാലാവധി | പലിശ നിരക്ക് | മെച്യൂരിറ്റി തുക (രൂ.) |
|---|---|---|---|---|---|---|
| കാനറ ബാങ്ക് | 140058082857/4 | 1351924 | 27/09/2024 | 6 മാസം | 6.15 | 11703679 |
| വെട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | 10293 | 10000 | പലിശ ഉൾപ്പെടെ 14000/- രൂപ 07.08.2024ന് പിൻവലിച്ചു. | | | |

പ്രസ്തുത തുകയിൽ നിന്നും 2332636 രൂപ മുതലും 42237 രൂപ പലിശയും ഉൾപ്പെടെ 2374873 രൂപ 20/02/2025 ൽ പിൻവലിച്ചു. അവശേഷിക്കുന്ന തുക 9328806/- രൂപ.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-1-1 | 2008-09 | 3-5-1എ | SGRY കൺവീനറെ തെരഞ്ഞെടുത്തതിലെ ക്രമക്കേട് | ബഹു. കേരള ഹൈക്കോടതിയിലെ കേസ് വിധി പ്രകാരം SGRY കൺവീനർക്ക് തുക ഒടുക്കു വരുത്തുന്നതിന് കത്ത് നൽകി. |
| 2005-06 | 3-11<br>3-12 | 2008-09 | 3-5-1എ | SGRY ക്രമക്കേട് | |
| 2015-16 | 2-1 | 2016-17 | | തൊഴിൽ നികുതി | 31.04.2025 ൽ നടന്ന നിയമസഭാ സമിതി യോഗത്തിൽ പരാമർശം ഒഴിവാക്കിയ വിവരം സംബന്ധിച്ച് മറുപടി നൽകിയതായി അറിയിച്ചു. |
| 2015-16 | 2-2 | 2016-17 | | സ്ഥാപന നികുതി | |

തുടർ വിവരം അറിയിക്കേണ്ടതാണ്

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 2,07,37,121/- |
| ഓഡിറ്റ് വർഷത്തെ വരവ് | 4,91,66,043/- |
| ആകെ | 6,99,03,164/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,09,23,997/- |
| നീക്കിയിരിപ്പ് | 2,89,79,167/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **30,63,780/-** |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 43,153 | ഡോ. അനിത വി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-21 | 2,00,000 | ഡോ. അനിത വി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-22 | 4,748 | ഡോ. ഉദയലാൽ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-24 | 24,15,230 | ശ്രീ. വിനോദ് ബി, സെക്രട്ടറി |
| 1-25 | 2,76,101 | ശ്രീ. വിനോദ് ബി, സെക്രട്ടറി |
| 1-31 | 4,548 | ശ്രീ. സുനിൽകുമാർ എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 1,20,000 | ശ്രീമതി ഷൈല ബീവി എ, ഫിഷറീസ് ഓഫീസർ |
| **ആകെ** | **30,63,780** | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. വിനോദ് ബി, സെക്രട്ടറി | വിരമിച്ചു. | രജകീയനിലയം, ആനയറ പി.ഒ., തിരുവനന്തപുരം |
| ഡോ. ഉദയലാൽ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, വെട്ടൂർ | ശാന്തിപൂർണ്ണ, കണ്ണംബ, വർക്കല |
| ഡോ. അനിത വി, മെഡിക്കൽ ഓഫീസർ, ആയൂർവേദം | മെഡിക്കൽ ഓഫീസർ, ആയൂർവേദ ഡിസ്പെൻസറി, താഴെ വെട്ടൂർ | രവീന്ദ്രം, ദളവാ റോഡ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ. |
| ശ്രീ. സുനിൽകുമാർ എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, വെട്ടൂർ ഗ്രാമ പഞ്ചായത്ത് | ചെറുകര വീട്, നാവായിക്കുളം പി.ഒ. |
| ശ്രീമതി ഷൈല ബീവി എ, ഫിഷറീസ് ഓഫീസർ | ഫിഷറീസ് ഓഫീസർ, മത്സ്യ ഭവൻ, വെട്ടൂർ | മംഗലത്തുവിള വീട്, പാലച്ചിറ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/176/2022 തീയതി 14.10.2022 | 2 |
| 2006-07 | | 4 |
| 2007-08 | | 2 |
| 2008-09 | | 2 |
| 2011-12 | | 3 |
| 2012-13 | | 4 |
| 2013-14 | | 2 |
| 2014-15 | | 3 |
| 2015-16 | | 2 |
| 2016-17 | | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.7/444/2019 തീയതി 26.04.2019 | 13 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.7/196/2020 തീയതി 29.09.2021 | 25 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1294/2021 തീയതി 28.09.2022 | 40 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.7/986/2022 തീയതി 03.10.2022 | 25 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ജി.പി.8/406/2023 തീയതി 25.03.2023 | 16 |

| | | |
|---|---|---|
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജിപി.8/1160/2023 തീയതി 26.09.2023 | 19 |
| 2023-24 | കെ.എസ്.എ.റ്റി.വി.എം/ജിപി.8/1828/2024 തീയതി 03.12.2024 | 30 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 28-05-2025 and submitted on 09-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vettoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vettoor Grama Panchayat as on 31-03-2025

**Date: 17/09/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Vettoor Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

## 2.Other Observations

1) The Notes on Accounts under Rule 62-2 (e) and Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules, 2011 have not been prepared and submitted along with the Annual Financial Statement.

2) As per the Kerala Panchayat Raj (Accounts) Rules 58 (4) (a), physical verification and matching of stock is to be done at the end of every year. But at the end of the year 2024-25, the value of Stock in hand (inventories) has not been included in the Balance Sheet B-14 Schedule of the annual financial statement. As per the balance sheet, the stock value is shown as zero.

3) Schedule B-1, which determined the Financial outcome (Panchayat fund) for the year, has not been made available for audit along with the annual accounts.

4) As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income approved by the Grama Panchayat is to be recorded through journal entry. But on checking the ledger of various income, the demand entry was recorded only at the end of the financial year 2024-25.

5) Expenses due, including honorarium for members and fuel expenses, have not been disclosed and no provision has been made for outstanding expenses in the balance sheet.

6) Mismatch in Distress Relief Fund Balances:
As per the Balance Sheet Schedule B2, Head Code 311100101 *Panchayath Distress Relief Fund*, the closing balance is 10,594/-. However, the balance in the related account, Vettoor SCB Account No. 5256, is Rs.5,594/- only and the difference has not been reconciled.

7) Depreciation has not been calculated in Income & Expenditure for the year 2024-25 for various assets. example

| Head code | Item |
|---|---|
| 416100102 | Accumulated Depreciation - Roads and Bridges |
| 416100103 | Accumulated Depreciation Sewerage and drainage |
| 416100104 | Accumulated Depreciation - Waterways |
| 416100105 | Accumulated Depreciation - Public Lighting |
| 416100106 | Accumulated Depreciation - plant ant Machinery |
| 416100110 | Accumulated Depreciation - Other Fixed Assets |

8) The advance revenue collections have not been adjusted to the income head.

As per the Balance Sheet for the year 2023-24, the following advance collection amount has not been accounted under the income head for the financial year 2024-25:

| Head Code | Item | Amount |
|---|---|---|
| 350410206 | Advance Collection of Revenues - Public Comfort Station Receipts | 690.00 |

9) For recording the capital contribution of each fund, such as the Development Fund, Finance Commission Grant, and Maintenance Grant, specific heads have been allocated in Balance Sheet B-3 Schedule. However, instead of recording the capital contribution under the respective heads allocated, the amount has been included under the general head Code 312109901 - Capital Contribution.

10) Registers Not Produced for Verification

The following registers were not made available for verification during the audit:

- Advance Register
- Deposit Register
- Loan Register

11) Mismatch Between Closing Balances as per Annual Financial Statement and Bank Book of Various Funds.

The closing balances of various funds, as per the Annual Financial Statement, do not match with the balances as per the Bank Book. The details of the discrepancy are as follows:

| Grant | As per 2024-25 Balance Sheet (B-4 Schedule) | As per Bank Book (B-17 Schedule) |
|---|---|---|
| CFC | 18,174,240 (Basic 3,870,678, Tied 14,303,562) | 18,131,404 |

12) The bank statement and reconciliation statement of the following account were not made available for audit verification.

| Account Number | Balance as per Bank Book |
|---|---|
| District Co-operative Bank 20091201200009 | 500.00 |

13) Revenue collections are not being recorded under their appropriate accounting heads. A few examples are listed below:

| Receipt No. / Date | Item | Head Recorded | Head to be Recorded |
|---|---|---|---|
| 1240601920 / 02.12.2024 | Development Permit | 140400199 Other Fees | 140120106 Permit Fee for Land Development |
| 1240601372 / 18.11.2024 | License Fees | 140400199 Other Fees | 140110101 Licence Fees for Factories, Traders, Entrepreneurs and Other Services |

14) "Mismatch Between Annual Financial Statement and Sanchaya Software Property Tax Collections and Balances" There is a discrepancy between the figures recorded in the Annual Financial Statement and those in the Sanchaya software for property tax on residential and non-residential buildings. The details of demand, collection, and balance amounts (including library cess) are as follows:

| Item | Demand | | Collection | | Balance (including library cess) | |
|---|---|---|---|---|---|---|
| | AFS | Sanchaya | AFS | Sanchaya | AFS | Sanchaya |
| Property Tax on Residential building-Current | 1666335 | 1666529 | 1647168 | 1650808 | | 0 |
| Property Tax on Non Residential building-Current | 1312808 | 1313439 | 1292491 | 1292448 | 21253 | 0 |

15) Mismatch in Administrative Expenses under MGNREGS:

There is a discrepancy between the administrative expenditure recorded in the MGNREGS cash book and the amount reported in the Annual Financial Statement.

| Item | Administrative Expense |
|---|---|
| As per MGNREGS Cash Book | 1,301,718 |
| As per Annual Financial Statement (Head Code 256100116) | 1,302,218 |

16) Amount Given for Deposit Work Not Included Under the Head for Advances given.
Upon verification of Head Code 460500202, it was found that an amount of 144,657 paid to KSEB for Project No. 152/25 Electrification of Government L.P. School (Tsunami Building) was not included under the Advance Head.
17) The marriage financial assistance provided to daughters of widows has not been accounted for in the Annual Financial Statement.

18) Liabilities Not Adjusted
The amounts recorded as liabilities in Schedule B-9 of the Balance Sheet for the year 2023-24 have not been adjusted in the year 2024-25. The details are as follows:

| Sl. No. | Head Code | Item | Amount |
|---|---|---|---|
| 1 | 350200119 | Recoveries Payable Covid | 90,400 |
| 2 | 350200199 | Recoveries Payable Other recoveries from employees | 4,840 |

| Sl. No. | Head Code | Item | Amount |
|---|---|---|---|
| 3 | 350200299 | Recoveries Payable Other deductions | 5,000 |
| 4 | 350300103 | Government and Other Dues Payable Value Added Tax | 7,853 |
| 5 | 350300106 | Government and Other Dues Payable Revenue Recovery | 4,300 |
| 6 | 350300112 | Government and Other Dues Payable Value of Court Fee Stamp | 1,970* |
| 7 | 350300199 | Government and Other Dues Payable Others | 8,28,237 |
| 8 | 350400501 | Refunds Payable Grants and Funds | 40,000 |

*Includes 550 received during the current year.

19) **The expenditure as per the Sulekha does not match with the Annual Financial Statement.**

There is a mismatch between the expenditure shown in the **Sulekha** under the **Maintenance Fund (Road Category)** grant and the expenditure reported in the **Annual Financial Statement (AFS)** and **ACR**. The details are provided below:

| Fund | Expenditure as per Sub-Ledger | Expenditure as per AFS/ACR |
|---|---|---|
| Maintenance Fund (Road ) | 40,23,314 | 41,79,264 |

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്